# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2021 ഒക്ടോബർ – ഡിസംബർ, ലക്കം 22



## അഭിനവ സഫ്രഗൻ മെത്രാപ്പോലീത്താമാരായി ചുമതലയേറ്റ ഡോ. യുയാക്കീം മാർ കൂറിലോസ് തിരുമേനിയ്ക്കും ജോസഫ് മാർ ബർന്നബാസ് തിരുമേനിയ്ക്കും അടൂർ ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ



## ജന്മദിനാശംസകൾ



**റൈറ്റ് റവ. ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്താ**
നവംബർ 25



**റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പ**
ഡിസംബർ 13



**റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ**
ഡിസംബർ 05

## അനുശോചനം



**റവ. അനൂപ് മാത്യു**



**റവ. ഡോ. എം.വി.എബ്രഹാം**



**റവ. റ്റി.സി. ജോർജ്**



**ഇവാ. പി.ഐ. ജോസ്**



**റവ. റ്റി.എ. ജോൺ**

# ഉള്ളടക്കം


**04**
ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**06**
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**08**
എഡിറ്റോറിയൽ



**09**
**അതിജീവനത്തിന്റെ അരുളപ്പാടുകൾ**
റവ. പോൾ ജേക്കബ്



**12**
**മഹാമാരി നൽകുന്ന പ്രപഞ്ചവീക്ഷണം**
റവ. മാത്യു ചാക്കോ



**19**
**ഒഴുക്കുകൾക്ക് എതിരെ നീന്തിടാം**
ജിഷോ കെ. ഡാനിയേൽ




**21**
**#HOME**
**ഭവനമെന്ന സ്വർഗ്ഗത്തിലേക്ക് ഇനിയെത്ര ദൂരം!**
റവ. വിപിൻ സാം തോമസ്



**24**
**അതിജീവനത്തിന്റെ ആദ്യപാഠങ്ങൾ**
ജോർജ് ഫിലിപ്പ്



**27**
**വയ്യാക്കാവ് ശാന്തി ഭവനം**
റവ.രാജു ഫിലിപ്പ് സഖറിയ
വർഗീസ് തരകൻ



# ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക

2021 ഒക്ടോബർ–ഡിസംബർ, ലക്കം 22



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. ബേബി ജോൺ**

ചീഫ് എഡിറ്റർ
**റവ. ജോൺ മാത്യു**

മാനേജർ
**റവ. സോജു എം. തോമസ്**

കമ്മിറ്റി അംഗങ്ങൾ
**റവ. സുബിൻ സാം മാമ്മൻ**
**റവ. പോൾ ജേക്കബ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. ജോർജ്ജ് ഫിലിപ്പ്**
**ശ്രീ. തോമസ് ജോൺ**
**ശ്രീ. ജെറി റ്റി. യേശുദാസൻ**
**ശ്രീമതി ഗേളി ജോസ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**




വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523

**വാർഷിക വരിസംഖ്യ – 50/–**

04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രീയരെ,

ക്രിസ്തു യേശുവിൽ ഏവർക്കും സ്നേഹ വന്ദനം. കോവിഡ് മഹാമാരിയുടെ കഠിനമായ വ്യാപനത്തിന് അല്പം ശമനം വന്നിരിക്കുന്നുവെങ്കിലും ജാഗ്രത പുലർത്തുകയും നിർദേശങ്ങൾ പാലിക്കുകയും ചെയ്ത് രോഗം പിടിപെടാതെ സൂക്ഷിക്കണം. നമ്മുടെ പ്രായമേറിയ മാതാപിതാക്കളെയും, കുട്ടികളേയും പ്രത്യേകം കരുതൽ നൽകി പരിപാലിക്കണം. സ്കൂളുകൾ തുറക്കുന്നതിനുള്ള ഗവൺമെന്റിന്റെ തീരുമാനം വരുന്ന മുറക്ക് കുട്ടികളെ സ്കൂളുകളിൽ അയക്കുമ്പോൾ അവർ ശ്രദ്ധിച്ചിരിക്കേണ്ട പ്രോട്ടോക്കോൾ നിയന്ത്രണങ്ങൾ അഭ്യസിപ്പിച്ച് വേണം സ്കൂളിലയക്കാൻ. ദേവാലയങ്ങളിൽ അനുവദനീയമായ അംഗസംഖ്യക്കകത്ത് ക്രമീകൃതമായ വിധത്തിൽ ആരാധനകളിൽ സംബന്ധിക്കുവാൻ ഏവരും ശ്രദ്ധിക്കണം. വിശുദ്ധ കുർബ്ബാനയുടെ സ്വീകരണത്തിൽ പട്ടക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരണമായി ഭയഭക്തിപൂർവ്വം പങ്കെടുക്കുവാൻ ശ്രദ്ധിക്കണം. ഒരു വിധത്തിലും അശ്രദ്ധ ഉണ്ടാകാതെ സൂക്ഷിക്കണം.

2021-22 ലെ ഭദ്രാസന ദിനാചരണം ഒക്ടോബർ മാസം 10-ാം തീയതി നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. ആരാധനാക്രമം ഉപയോഗിച്ച് ഭദ്രാസനദിന ആരാധന നടത്തേണ്ടതാണ്. അന്ന് ആരാധനയിൽ സംബന്ധിച്ച് നേതൃത്വം നൽകുന്നതിന് പട്ടക്കാരും അത്മായരുമടങ്ങുന്ന പ്രത്യേകം നിയോഗിതരായിരിക്കുന്നവർ വന്ന് ചേരുന്നതാണ്. ഭദ്രാസന പ്രവർത്തനങ്ങളെ ഇടവക ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും ഭദ്രാസന ഫണ്ട് ശേഖരണത്തിനും ഓരോ ഇടവകയും ചെയ്തിരിക്കുന്ന മുന്നൊരുക്കങ്ങൾക്കനുസരിച്ച് നേതൃത്വം നൽകും. അതാത് ഇടവകകൾക്ക് മുൻകൂട്ടി അറിയിച്ചിരിക്കുന്ന വിഹിതം ഒട്ടും കുറയാതെ ശേഖരിക്കുന്നതിന് ഏവരും ഉത്സാഹിക്കണം. ഓരോ കുടുംബവും 500 രൂപായിൽ കുറയാതെ ഇതിലേക്ക് നൽകുവാൻ ശ്രദ്ധിക്കണം. അന്നത്തെ സ്ത്രോത്രകാഴ്ച ദേവാലയത്തിൽ വന്ന്

സംബന്ധിക്കുന്നവർ മാത്രമല്ല, എല്ലാവരും തന്നെ തങ്ങളുടെ ശേഷിക്കനുസരിച്ച് സ്തോത്രാർപ്പണമായി നൽകുമല്ലോ. ഭദ്രാസനത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ആണ്ടിലൊരിക്കൽ ഓരോ മാർത്തോമ്മാ കുടുംബവും നൽകുന്ന ഈ സംഭാവനയാണ് മുഖ്യവരുമാന മാർഗ്ഗം. കോവിഡിന്റെ കാരണം പറഞ്ഞ് ആരും ഇതിൽ നിന്ന് ഒഴിഞ്ഞിരിക്കരുത്. ദൈവം നൽകുന്ന നല്ല ദാനങ്ങളിൽ നിന്ന് സന്തോഷത്തോടെ നൽകുന്നവരെ ദൈവം കൂടുതലായി അനുഗ്രഹിച്ചിട്ടുള്ള ചരിത്രമാണ് നമ്മുടെ പൂർവ്വികരുടെ ചരിത്രം. ആ മാതൃക നമുക്കും പിൻതുടരാം. 2020-21 ലെ ഭദ്രാസന അസംബ്ളി യോഗം സെപ്റ്റംബർ 17-ാം തീയതി ഓൺലൈനായി അനുഗ്രഹപ്രദമായി നടത്തുവാൻ കഴിഞ്ഞു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ് അസാധ്യമെന്ന് തോന്നിയ ഈ കാര്യം ദൈവകൃപയിൽ ആശ്രയിച്ച് എത്ര ക്രമീകൃതമായിട്ടാണ് ആധുനിക മാധ്യമ സഹായത്തോടെ നമുക്ക് നടത്തുവാൻ കഴിഞ്ഞത്. അപ്രകാരം തന്നെയാണ് ഒക്ടോബർ 13, 14, 15, തീയതികളിൽ സഭാപ്രതിനിധി മണ്ഡലവും നടത്തുന്നത്. സംഘടനകളും അവരുടെ വാർഷികയോഗങ്ങൾ ഇതേരീതിയിൽ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാറിവരുന്ന സാഹചര്യങ്ങളെ അപ്പോഴപ്പോൾ മനസ്സിലാക്കി സംഗതമായ ഇടപെടൽ നടത്തുവാൻ ദൈവം നമ്മെ സഹായിക്കുന്നുവല്ലോ. ഇതിലൊക്കെ നമ്മുടെ പട്ടക്കാരും അത്മായരും എത്ര വലിയ സഹകരണമാണ് കാട്ടുന്നത്. എല്ലാവരോടും നന്ദി അറിയിക്കുന്നു.

ഒക്ടോബർ നാലാം ഞായറാഴ്ചയാണല്ലോ സാധാരണ കുടുംബ പ്രതിഷ്ഠാദിനമായി വേർതിരിച്ചിരിക്കുന്നത്. അന്നേ ദിവസം ഓരോ കുടുംബവും അതിന്റെ പ്രാധാന്യം മനസ്സിലാക്കി ആരാധനയിൽ കഴിവതും പങ്കുചേരണം. അല്ലാത്തവർ ഭവനങ്ങളിൽ തന്നെ കുടുംബമായി ആരാധനിക്കുന്നതിന് സമയം കണ്ടെത്തണം. സുദൃഢമായ കുടുംബങ്ങളാണ് ഇന്ന് നമുക്കാവശ്യം. കുടുംബ ഭദ്രത തകർക്കുന്നതിന് നിരവധി പരീക്ഷകളും, പ്രലോഭനങ്ങളും മുമ്പത്തേക്കാളും ഇക്കാലങ്ങളിൽ വർദ്ധിച്ച് വരുന്നു. ഭാര്യാഭർത്യ ബന്ധത്തിന്റെ പവിത്രതയും ഊഷ്മളതയും ഒരു പോറലുപോലുമേൽക്കാതെ കാത്ത് സൂക്ഷിക്കുവാൻ കഴിയണം. നമ്മുടെ മക്കൾ വിവാഹപ്രായമാകുമ്പോൾ തക്ക തുണയെ കണ്ടെത്തി അവരെ കൗദാശിക അനുഭവത്തോടെ കുടുംബജീവിതത്തിലേക്ക് പ്രവേശിപ്പിക്കണം. നമ്മുടെ യൗവനക്കാരായ ആൺമക്കളും പെൺമക്കളും പഠനത്തിനോ, ജോലി സംബന്ധമായോ ദൂരസ്ഥലങ്ങളിൽ പാർക്കേണ്ടി വരുമ്പോൾ അവർ മദ്യത്തിനോ, മയക്ക്മരുന്നിനോ, ഇതര പ്രലോഭനങ്ങൾക്കോ വശംവദരാകുന്നില്ല എന്ന് ആവോളവും ഉറപ്പാക്കണം ചേർച്ചയില്ലാത്ത ബന്ധങ്ങളെ നിർബന്ധപൂർവം ചേർത്ത് നിർത്തുവാൻ നിർബന്ധിതരാകുമ്പോൾ തക്ക കൗൺസിലിംഗ് നൽകി മുന്നോരുക്കത്തോടെ ക്രമീകരണങ്ങൾ ചെയ്യണം. ക്രൈസ്തവേതര സമൂഹങ്ങളിൽ നിന്നും ബന്ധുത കണ്ടെത്തുന്ന സാഹചര്യം പരമാവധി ഒഴിവാക്കിവേണം യൗവ്വനക്കാരുടെ ഭാവി ഉറപ്പാക്കേണ്ടത്. പ്രത്യക്ഷത്തിൽ തോന്നുന്ന ആകർഷണമല്ല, ജീവിതാന്ത്യം വരെ നിലനിൽക്കേണ്ട ഭാര്യാഭർത്യ ബന്ധത്തെക്കുറിച്ചായിരിക്കണം ലക്ഷ്യം വയ്ക്കേണ്ടത്. മാതാപിതാക്കൾ ഒരു കുഞ്ഞ് ജനിക്കുമ്പോൾ മുതൽ ഇക്കാര്യങ്ങളെക്കുടെ കണക്കിലെടുത്ത് പ്രാർത്ഥനാപൂർവ്വം അവർ മുതിർന്ന് വരുവാൻ സഹായിക്കണം.

എലിപ്പക്കുളത്ത് നിർമ്മാണത്തിലിരിക്കുന്ന സ്വാന്തന പരിചരണ കേന്ദ്രത്തിന് സാമ്പത്തിക സഹായം നൽകുവാൻ ആഗ്രഹിക്കുന്നവർ ഒരു Bed Space എന്ന തോതിൽ അതിലേക്ക് നിക്ഷേപിച്ചാൽ ആയത് സംബന്ധിച്ചു പേര് വിവരങ്ങൾ ആലേഖനം ചെയ്ത് നിങ്ങളുടെ സഹായത്തെ എക്കാലവും ഓർമ്മയിൽ സൂക്ഷിക്കാം. നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നതിന്റെ അടയാളമായി അശരണയായ ഒരു വ്യക്തിയെ പാർപ്പിക്കുന്നതിനുള്ള ഇടത്തിനാണ് നിങ്ങൾ ഒരു നിശ്ചിത തുക നൽകി സ്പോൺസർ ചെയ്യുന്നത്. വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ഇടവകകൾക്കോ അങ്ങനെ ചെയ്യുന്നതിന് അവസരമുണ്ട്. ഭദ്രാസനമായി എല്ലാ മാസത്തിന്റെയും 30-ാം തീയതി വൈകിട്ട് 6.30ന് നടത്തുന്ന ഓൺലൈൻ കൂട്ടായ്മായോഗത്തിൽ എല്ലാവരും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു. ഒരു ഭദ്രാസനമെന്ന സംഘബോധത്തിലെക്ക് ഇത് നമ്മെ നയിക്കും. ദൈവകൃപയിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കട്ടെ

കർതൃശുശ്രൂഷയിൽ,

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഹെർമ്മോൻ അരമന, അടൂർ

30-09-2021

# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ



റവ. ബേബി ജോൺ

സമാനതകളില്ലാത്ത ഒരു കാലം. പ്രവചനാതീതമായി കാര്യങ്ങൾ മുന്നോട്ടു പോകുന്നു. എല്ലാം തുറക്കുമ്പോഴും കൊറോണയും വ്യാപന കുറവില്ലാതെയും ആകുന്നു. സ്കൂൾ തുറക്കുന്നു. എന്നാൽ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ജാഗ്രത കുറവ് ഉണ്ടാകാൻ പാടില്ല. ഗവൺമെന്റ് മുന്നൊരുക്കങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതീർത്തുകൊണ്ടിരിക്കുന്നത് സന്തോഷകരമാണ്. കുഞ്ഞുങ്ങൾക്കും വാക്സിനേഷൻ ഉറപ്പാക്കേണ്ടത് ഗവണ്മെൻറിൻെറ ഉത്തരവാദിത്തമാണെന്ന് വിസ്മരിക്കാൻ പാടില്ല. രോഗമുക്തി നേടുന്നത് അഭിനന്ദനാർഹമാണ്.

അഫ്ഗാൻ ജനതയുടെ ജീവിക്കാനുള്ള അടിസ്ഥാന ആവശ്യം പുതിയ ഭരണകൂടം ഉറപ്പാക്കാൻ അധികാരികളുടെ കണ്ണ് തുറക്കുന്നതിനായി പ്രാർത്ഥിക്കാം. മതവും ദൈവവും വർഗ്ഗീയതയ്ക്ക് വഴിമാറുമ്പോൾ മതം മനുഷ്യന് ദോഷമായി മാറുന്നു. മനുഷ്യനെ അവൻെറ എല്ലാ മനുഷ്യത്വത്തോടുകൂടി ദൈവത്തിലേക്ക് എത്തിക്കാനുള്ള മാർഗ്ഗമാണ് മതം. പരിമിതികളുടെ നടുവിലും ഭദ്രാസന പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്ന് മാസം മുമ്പോട്ട് കൊണ്ടുപോകുവാൻ ദൈവം സഹായിച്ചത് സ്തോത്രത്തോടെ ഓർക്കുന്നു.

‘അതിജീവനത്തിൻെറ അരുളപ്പാടുകൾ‘ ഈ ധ്യാനവിഷയം ഈ കാലഘട്ടത്തിൽ ഉചിതം തന്നെ. അതിജീവനം സാദ്ധ്യമായിത്തീരുന്നത് ദൈവം നമ്മോടുകൂടെ ആയിത്തീരുമ്പോൾ മാത്രമാണ്. പ്രതിസന്ധികൾ ജീവിതത്തിൻെറ ഭാഗമാണ്. പച്ചപ്പുൽപ്പുറവും കൂരിരുളും എല്ലാം നിറഞ്ഞതാണ് ജീവിതം. പ്രതിസന്ധി ജീവിതത്തിൻെറ ഭാഗമാണെന്ന് തിരിച്ചറിയുന്നതോടൊപ്പം അതിനെ അതിജീവിക്കാൻ തക്കവണ്ണം ദൈവം നമ്മോടുകൂടെ ഉണ്ടെന്നുള്ള തിരിച്ചറിവാണ് നമുക്ക് ജീവിക്കാനുള്ള പ്രത്യാശ നൽകുന്നത്. ജീവിതം വഴിമുട്ടി നിൽക്കുമ്പോൾ അതിജീവനത്തിൻെറ അരുളപ്പാടുകളാണ് വി. കന്യകമറിയയ്ക്കും ജോസഫിനും ആട്ടിടയർക്കും വിദ്വാന്മാർക്കും ധൈര്യവും പ്രത്യാശയും നൽകിയത്.

എലിപ്പക്കുളം വയോജന സാന്ത്വന പരിചരണ കേന്ദ്രത്തിൻെറയും കലയപുരം സ്കൂളിൻെറയും നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർമ്മാണം അവസാനഘട്ടത്തിലാണ്. സാമ്പത്തിക ആവശ്യം അനവധിയായി നമ്മുടെ മുമ്പിലുണ്ട്. എലിപ്പക്കുളം വയോജന സാന്ത്വന പരിചരണകേന്ദ്രത്തിന് 2.5 ലക്ഷം നൽകി ഒരു ബെഡ് സ്പെയ്സ് സ്പോൺസർ ലഭിക്കുവാൻ തക്കവണ്ണം വികാരി അച്ചന്മാരും അസംബ്ലി കൗൺസിൽ അംഗങ്ങളും ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ സ്പോൺസർ ചെയ്യുന്നവരുടെയും മെമ്മോറിയലായുള്ള പേരുകളും എഴുതി സൂക്ഷിക്കണമെന്നും അറിയിക്കുന്നു.

സെപ്റ്റംബർ 10ന് സഭാ കൗൺസിൽ, സഭാ ചുമതലക്കാർ എന്നിവയുടെ ഇലക്ഷൻ ഭദ്രാസനത്തിൻെറ നേതൃത്വത്തിൽ ഭദ്രാസനകേന്ദ്രത്തിൽ വെച്ച് നടന്നു. നടത്തിപ്പിന് നേതൃത്വം നൽകിയ വരണാധികാരി വികാരി ജനറാൾ വെരി. റവ. റ്റി.കെ. മാത്യു അച്ചൻ ഉൾപ്പെടെയുള്ള എല്ലാവരെയും നന്ദി പൂർണ്ണം സ്മരിക്കുന്നു. വിജയികൾക്ക് ആശംസകളും അറിയിക്കുന്നു.

സെപ്റ്റംബർ 17-ാം തീയതി നടന്ന 41-ാമത് ഭദ്രാസന അസംബ്ലിയിൽ വാർഷിക പ്രവർത്തന വൃത്താന്തം, വരവ് ചെലവ് കണക്ക്, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി. 80% അസംബ്ലി അംഗങ്ങൾ ഹാജർ ടിക്കറ്റ് രജിസ്റ്റർ ചെയ്ത് സൂമിലൂടെ പങ്കെടുത്തു. സൂം പ്ലാറ്റ് ഫോമിൽ അസംബ്ലി വെബിനാർ ചെയ്ത ഡി.എസ്.എം.സി. ഉൾപ്പെടെയുള്ള എല്ലാവരോടും നന്ദി അറിയിക്കുന്നു. മാസാന്ത്യ ധ്യാനയോഗം, മദ്ധ്യസ്ഥപ്രാർത്ഥനകൾ, കൗൺസിലിംഗ്, കുഞ്ഞുങ്ങൾക്കായി വിജയവഴി പ്രോഗ്രാം എന്നിവ ഭംഗിയായി ക്രമീകരിച്ചുവരുന്നു. തുടർന്ന് അതിൽ പങ്കെടുക്കുവാൻ എല്ലാവരെയും ഉത്സാഹിപ്പിക്കണമെന്ന് ഓർമ്മിക്കുന്നു.

ഒക്ടോബർ 10-ാം തീയതി ഭദ്രാസന ഞായറാഴ്ചയായി ക്രമീകരിക്കുന്നു. ഭദ്രാസനത്തിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുകയും പ്രാർത്ഥിക്കുകയും സാമ്പത്തിക സമാഹരണം നടത്തുവാനും വികാരി അച്ചന്മാരും ചുമതലക്കാരും അസംബ്ലി അംഗങ്ങളും ഉത്സാഹിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഭദ്രാസനത്തിൻെറ പ്രവർത്തനങ്ങൾക്കുള്ള ഏക വരുമാനമാർഗ്ഗമാണെന്ന് മനസ്സിലാക്കിയും കലയപുരം, എലിപ്പക്കുളം എന്നിവയുടെ നിർമ്മാണത്തിൻെറ ആവശ്യവും മനസ്സിലാക്കി മുഴുവൻ കുടുംബങ്ങളും അതിൽ സഹകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പ്രാർത്ഥനയോടെ,

**ഭദ്രാസന സെക്രട്ടറി അച്ചൻ**

## ആരോരുമില്ലാത്തവർക്ക് ഒരാളായി...
## എലിപ്പക്കുളം സാന്ത്വന പരിചരണ കേന്ദ്രം

എലിപ്പക്കുളം സാന്ത്വന പരിചരണ കേന്ദ്രത്തിൻെറ നിർമ്മാണം പുരോഗമിക്കുന്നു. എക്കോ ഫ്രണ്ട്‌ലിയായി നിർമ്മിക്കുന്ന ഈ കേന്ദ്രത്തിൻെറ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആരോരുമില്ലാത്തവർക്ക് ഒരു ബെഡ് സ്പെയ്സിന് 2.5 ലക്ഷം രൂപാ നൽകി സ്പോൺസർ ചെയ്യണമേ എന്ന് അപേക്ഷിക്കുന്നു. അങ്ങനെ സ്പോൺസർ ചെയ്യുന്നവരുടെ പേരുകളും അവരുടെ പ്രിയപ്പെട്ടവരുടെ പേരുകളും മെമ്മോറിയലായി എഴുതിവെച്ച് സൂക്ഷിക്കുമെന്ന് അറിയിക്കുന്നു.

**– ഭദ്രാസന സെക്രട്ടറി**

എഡിറ്റോറിയൽ

# അതിജീവനത്തിന്റെ ഊർജ്ജം പകരുന്ന അരുളപ്പാടുകൾ

“

മഹാമാരിയുടെ ഈ കാലത്ത് ജീവിത പ്രതിസന്ധികളെ നമുക്ക് എങ്ങനെയും അതിജീവിക്കാം. കലഹിച്ചും പരിഭവിച്ചും ദുഃഖിച്ചും.... അപ്പുറത്ത് എല്ലാറ്റിനെയും അതിജീവിച്ച ക്രിസ്തുവുണ്ട് എന്ന വിശ്വാസത്തോടെ അരുളപ്പാടുകൾക്ക് കാതോർത്തു ചെറുപുഞ്ചിരിയോടെയും നമുക്ക് ജീവിതാനുഭവങ്ങളെ അതിജീവിക്കാം.

**റവ. ജോൺ മാത്യു എഴംകുളം**
ചീഫ് എഡിറ്റർ

ദൈവം എല്ലാവരിലും അതിജീവനത്തിന്റെ ഊർജ്ജം നിക്ഷേപിച്ചിട്ടുണ്ട്. അത് കാണാതെ പോകുന്നതാണ് ദുരന്തത്തിലേക്ക് നയിക്കുന്നത്. വേദപുസ്തകം അതിജീവനത്തിന്റെ ഓർമ്മപ്പെടുത്തലുകളുടെ സമഹാരം കൂടിയാണ്.

ആദാമേ നീ എവിടെ എന്ന ഏദൻതോട്ടത്തിലെ യഹോവയുടെ വിളി ഉണങ്ങിയ ഇലകൾക്കുള്ളിൽ നഗ്നത മറക്കാൻ ശ്രമിച്ച മനുഷ്യന് മരവുരിയുടെ കവചം ഒരുക്കി അതിജീവനത്തിനായി വിളിക്കുന്ന ദൈവശബ്ദമാണ്.

മമ്രേയുടെ തോപ്പിൽ ഉയർന്ന അരുളപ്പാടിൽ നിർജ്ജീവതയിൽ ജീവന്റെ സാധ്യത കണ്ടെത്തുന്നതിനുള്ള അതിജീവന ദർശനമാണ് അബ്രഹാമിന് നൽകപ്പെടുന്നത്.

ഫറവോന്റെ അധികാര ഹിംസാത്മകതയുടെ നടുവിൽ കഷ്ടത കൊണ്ടു വലഞ്ഞ ഒരു വലിയ സമൂഹത്തിന്റെ അതിജീവനത്തിന്റെ അരുളപ്പാടുകളാണ് മുൾപടർപ്പിന് നടുവിൽ മുഴങ്ങിക്കേട്ട മോശേ എന്നുള്ള വിളി.



ജീവന്റെ നിലനിൽപ്പ് തന്നെ അപകടത്തിലായ ഒരു ജനതയെ പ്രതിസന്ധികളിൽ നിന്ന് കരേറ്റുന്നതിനുള്ള ദൈവീക ഇടപെടലിന്റെ ദർശനങ്ങളാണ് ഓരോ ന്യായാധിപന്മാരേയും ഉണർത്തുന്നത്.

യഹോവേ അരുളിചെയ്യണമേ അടിയൻ കേൾക്കുന്നു എന്നു പറഞ്ഞു യഹോവയുടെ വാക്കുകൾക്ക് ചെവികൊടുത്ത ശമുവേൽ ബാലനിലൂടെ ദൈവീക അരുളപ്പാടുകൾക്ക് നിരന്തരം കാതോർക്കുന്ന ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതായി നാം കാണുന്നു.

പ്രവാചകന്മാർ എല്ലാവരും തന്നെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു എന്ന വാക്ക് പറഞ്ഞുകൊണ്ടാണ് ദൈവീക ആലോചനകൾ ജനവുമായി പങ്കുവയ്ക്കുന്നത്.

‘ഏലിയാവേ നിനക്ക് ഇവിടെ എന്ത് കാര്യം’ എന്ന സ്വർഗീയ ശബ്ദം ഒറ്റപ്പെടലിന്റെയും ആത്മഹത്യയുടെയും വിചാരപ്പെടലുകളുടെ നടുവിൽ ഉയരുന്ന അതിജീവന വഴികളാണ്.

പ്രവാസ-പ്രവാസാനന്തര കാലഘട്ടങ്ങളിൽ അതിജീവനത്തിന് കരുത്ത് പകരുന്നത് അരുളപ്പാടുകളാണ്.

ആഗമനകാലം അരുളപ്പാടുകളുടെ കാലമാണ്. മറിയമും ജോസഫും അരുളപ്പാടുകളെ ഉള്ളിലേറ്റി തെല്ലുമീതേ സഞ്ചരിച്ചവരാണ്.

മഹാമാരിയുടെ ഈ കാലത്ത് ജീവിത പ്രതിസന്ധികളെ നമുക്ക് എങ്ങനെയും അതിജീവിക്കാം. കലഹിച്ചും, പരിഭവിച്ചും, ദുഃഖിച്ചും... അപ്പുറത്ത് എല്ലാറ്റിനെയും അതിജീവിച്ച ക്രിസ്തുവുണ്ട് എന്ന വിശ്വാസത്തോടെ അരുളപ്പാടുകൾക്ക് കാതോർത്തു ചെറുപുഞ്ചിരിയോടെയും നമുക്ക് ജീവിതാനുഭവങ്ങളെ അതിജീവിക്കാം.

ധ്യാനം





റവ. പോൾ ജേക്കബ്
മാർത്തോമ്മാ ഗുരുകുലം, അടൂർ

# അതിജീവനത്തിന്റെ അരുളപ്പാടുകൾ

വി.ലൂക്കോ.1:26–35, 2:8–11, വി.മത്താ.1:18–21

മറ്റൊരു തിരുപ്പിറവി കാലം കൂടി ആഗതമാകുന്നു...

ക്രിസ്തുമസ്സ് - പ്രപഞ്ചത്തിന്റെ മനസ്സാക്ഷി, മനുഷ്യനോടുള്ള സ്നേഹം നിമിത്തം മാംസം ധരിച്ച മഹാസംഭവം. രക്ഷാകരമായ കഷ്ടാനുഭവത്തിനായി ദൈവം മനുഷ്യനായിത്തീർന്നതാണ് ക്രിസ്തുമസ്സ്. രക്ഷയുടെ ഉണർവ്വും, ജീവന്റെ സമൃദ്ധിയും സമ്മാനിക്കുവാൻ ദൈവത്തിന്റെ ഏകജാതൻ മഞ്ഞിൽ വിരിഞ്ഞ ഉദയ നക്ഷത്രമായ്, മഞ്ഞിനേക്കാളും തണുത്തുറഞ്ഞു കിടന്നിരുന്ന മനുഷ്യജീവതത്തിന്റെ മരവിപ്പിലേക്ക് കടന്നുവന്ന ചരിത്രചരിതം.

ജനനപ്പെരുന്നാളിന്റെ കാലം ദൈവീകമായ അരുളപ്പാടുകളുടെ (Theophanic Expressions) കാലമാണ്. അരുളപ്പാടുകൾ, അതിജീവനത്തിന്റെ ആയുധങ്ങളും പ്രേരകങ്ങളുമായി ഹൃദയത്തിൽ ഏറ്റുവാങ്ങിയ ചില ജീവിതങ്ങളെ തിരുവചനത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. അവരുടെ സമരതീക്ഷ്ണമായ സമർപ്പണ വഴികളിലൂടെ ഹൃദയപൂർവ്വം നമുക്കും ഒന്നു യാത്രചെയ്യാം ഈ ധ്യാനചിന്തയിലൂടെ...

ദൈവിക അരുളപ്പാടുകളെ അതിജീവനത്തിന്റെ ആഹ്വാനമായി ഇടനെഞ്ചിലേറ്റെടുത്തവർ...

കുരിശിന്റെ വഴികളിൽ ഒടുവിലോളം കൂടെ നടന്നവർ...

> “
> നമുക്കറിയാവുന്ന ചരിത്രത്തിലെ 'പെരുന്തച്ചൻ' സ്വന്തം മകന്റെ അന്തകനായിരുന്നു. അസൂയയിൽ നിന്നുടലെടുത്ത വിദ്വേഷം ഒരു അഗ്നിനാളമായി ഹൃദയത്തെ കാർന്ന് തിന്നപ്പോൾ അതിലെരിഞ്ഞുപോയ, സ്വന്തം മകനെ ചതിച്ച് കൊലപ്പെടുത്തിയ, രക്തഗന്ധമുള്ള പിതൃസങ്കല്പം. തന്റെ മകൻ 'തന്നോളം വലുതാകണ്ട' എന്നതായിരുന്നു പെരുന്തച്ചന്റെ മതം. എന്നാൽ പുതിയ നിയമത്തിലെ പെരുന്തച്ചന് വാനോളം വളർന്ന മകന്റെ സംരക്ഷക റോളാണ് സ്വർഗ്ഗം നിശ്ചയിച്ചത്.

### 1. മറിയ: അതിജീവനത്തിൽ കൃപയുടെ മഴപ്പെയ്ത്ത്

ദൈവകൃപയുടെ മഴയിൽ നനഞ്ഞ്, അനുസരണത്തിന്റെയും, സമർപ്പണത്തിന്റെയും നിയോഗ വഴികളിലൂടെ അതിജീവനത്തിന്റെ ജീവത വിശുദ്ധിയിലേക്ക് നടന്നുകയറിയവൾ ....

കൃപയുടെ മഴ പോലെ അരുളപ്പാട് പെയ്തിറങ്ങിയ നസ്രേത്തിലെ ഗലീല പട്ടണത്തിലെ ഒരു കന്യക. ഏറ്റവും സുന്ദരമായ നക്ഷത്രത്തേക്കാൾ സുന്ദരിയായ കന്യകയെന്ന് വില്യം വേർഡ്സ് വർത്ത് വിശേഷി

പ്പിച്ച വി.കന്യക മറിയം. ദാവീദ് ഗൃഹത്തിലെ യോസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട പെൺകുട്ടിയുടെ ജീവിതത്തിൽ ഗബ്രിയേൽ ദൂതന്റെ ഇടപെടലുകൾ ഉണ്ടാകുന്നു. ദൈവം ഗബ്രിയേൽ ദൂതനെ അയക്കുകയും ദൂതൻ അവളുടെ അടുക്കൽ എത്തുകയും അരുളപ്പാട് അറിയിക്കുകയും ചെയ്യുന്നു. ദൂതൻ അവളുടെ അടുക്കൽ അകത്ത് ചെന്ന് 'കൃപ ലഭിച്ചവളെ നിനക്ക് വന്ദനം, കർത്താവ് നിന്നോട് കൂടെയുണ്ട് എന്ന് പറഞ്ഞു. (വി. ലൂക്കോ. 1: 28). ഈ അരുളപ്പാട് ലഭിക്കുമ്പോൾ മറിയ അസ്വസ്ഥയാകുന്നു. അവൾ ഭ്രമിച്ചു പോകുന്നു. ആദ്യം പകച്ചു ഞെട്ടിയെങ്കിലും അവൾ ഈ അരുളപ്പാടിനെ നെഞ്ചോട് ചേർത്തുവയ്ക്കുന്നു. ദൈവത്തിന്റെ ഇഷ്ടത്തെ തിരിച്ചറിയുകയും ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ് സമർപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അരുളപ്പാടിനോട് അതെ എന്ന് പറയുമ്പോൾ ജീവിതത്തിൽ അനുഭവിപ്പാൻ പോകുന്ന എല്ലാ ക്രൂശാനുഭവങ്ങളോടും അവൾ അതെ എന്ന് പറയുകയായിരുന്നു. ദൂതന്റെ അരുളപ്പാട് അതിജീവനത്തിന്റെ അരുളപ്പാടായിരുന്നു. അനുഭവിച്ച എല്ലാ സഹനങ്ങളേയും കരുത്തോടെ നേരിടുവാൻ കൃപയായി പെയ്തിറങ്ങിയ ദൈവകാരുണ്യം.

ക്രൂശാനുഭവങ്ങളെ സ്വയം ഏറ്റുവാങ്ങിയപ്പോൾ ഈ കൃപ അതിജീവനപാതയിൽ കെടാവിളക്കായി പ്രകാശിച്ചു കൊണ്ടിരുന്നു. ദാരിദ്ര്യവും പ്രവാസജീവിതവും നിറഞ്ഞ മറിയയുടെ അതിജീവനയാത്രയിൽ അവൾ തളർന്നു പോകുന്നില്ല. തന്റെ മകന്റെ കൂട്ടുകാർ ചുങ്കക്കാരും വേശ്യമാരുമാണെന്നും, ചിത്തഭ്രമമുള്ളവരുമാണെന്ന് കേട്ടപ്പോൾ മറിയ തനിക്കു ലഭിച്ച ഈ കൃപയെ മുറുകെപ്പിടിച്ചു. കൃപാവരങ്ങൾ നിറഞ്ഞവളായി അവൾ പാടി 'ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചു. 'സഹനത്തെ മധുരമുള്ളതാക്കി മാറ്റാമെന്ന് നമുക്ക് പറഞ്ഞ് തരുവാൻ മറിയയെ ശക്തീകരിച്ചത് ഈ അരുളപ്പാടാണ്. രക്ഷാകര ചരിത്രത്തിൽ പങ്കുകാരിയാകുവാൻ ദൈവം അവളെ തെരഞ്ഞെടുത്തു. മഹാമാരിക്കാലത്തെ അതിജീവനത്തിന്റെ ഈ നാളുകളിൽ മറിയക്ക് ലഭിച്ച ദൈവകൃപ നമ്മുടെ ജീവിതത്തിൽ പകരപ്പെടാൻ നമ്മെ സമർപ്പിക്കാം പുതിയ അരുളപ്പാടുകൾക്കായി കാതോർക്കാം.

**2 . യോസേഫ് – അതിജീവനത്തിന്റെ തച്ചുശാസ്ത്രം...**

ദാവീദിന്റെ ഗോത്രത്തിലും കുലത്തിലും ഉൾപ്പെട്ട യോസേഫ് എന്ന മരപ്പണിക്കാരൻ തന്റെ പ്രതിശ്രുത വധുവിനായി കാത്തിരിക്കുകയാണ്. വിവാഹം നിശ്ചയിക്കപ്പെട്ട ഏതൊരു യുവാവിനെപ്പോലെയും തന്റെ ഭാവി ജീവിത പങ്കാളിയേപ്പറ്റിയും കുടുംബജീവിതത്തെപ്പറ്റിയും ഒരുപാട് സ്വപ്നങ്ങൾ നെയ്ത സാധാരാണക്കാരാനായ ഒരു മനുഷ്യൻ, ഒടുവിൽ ആ സത്യം തിരിച്ചറിയുകയാണ്...തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന പെൺകുട്ടി ഒരു കന്യക യല്ല... അവളുടെ ഉള്ളിൽ ഒരു ജീവന്റെ തുടിപ്പ് വളർന്ന് വരുന്നുണ്ട് എന്ന സത്യം...

ഒരു ദു:സ്വപ്നമായിപ്പോലും ഒരിക്കലും ഒരു പുരുഷനും ചിന്തിക്കാൻ ആഗ്രഹിക്കാത്ത ആ പ്രതിസന്ധിയിൽ, കഠിന മാനസീക വ്യഥയിൽ ആയ യോസേഫിന് പല രീതിയിൽ പ്രതികരിക്കാമായിരുന്നു. വഞ്ചിക്കപ്പെട്ടു എന്ന് സ്വയം ബോദ്ധ്യപ്പെടുന്ന ഏത് വ്യക്തിയിലും ആദ്യമുടലെടുക്കുന്നത് പ്രതികാര മനസ്ഥിതിയാണ്. അങ്ങനെയുള്ളവർ, 'കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല്' എന്ന ന്യായ പ്രമാണ സൂക്തം ബോധപൂർവ്വം കയ്യിലെടുത്ത് പ്രവർത്തിക്കുന്ന ഒരു സാമൂഹിക പരിസ്ഥിതിയിലാണ് യോസേഫ് വ്യത്യസ്തനാകുന്നത്. യഹൂദ ചിന്തയിൽ പാപത്തിന്റെ ശമ്പളം മരണമാണ് എന്നത് അലംഘനീയമായ നിയമം തന്നെയാണ് വിവാഹ നിശ്ചയം കഴിഞ്ഞ സ്ത്രീ ഗർഭവതിയാണ് എന്നറിഞ്ഞാൽ അവളെയും അതിന് ഹേതുവായ പുരുഷനെയും പട്ടണവാതില്ക്കൽ കൊണ്ടുവന്ന് മറ്റുള്ളവർക്ക് ഒരു പാഠമായിരിക്കാൻ കല്ലെറിഞ്ഞു കൊല്ലുക എന്നത് അന്നത്തെ കീഴ്വഴക്കമായിരുന്നു. (ആവർത്തനം 22– 23,24)

എന്നാൽ യോസേഫ് നീതിമാനാകകൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ അവന് മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു (വി.മത്താ. 1.19 )

ഇവിടെയാണ് ഗബ്രിയേൽ മാലാഖയുടെ അരുളപ്പാട് യോസേഫിന് അതിജീവനത്തിന്റെ ചാലക ശക്തിയായിത്തീരുന്നത്.

'മറിയയെ ചേർത്ത് കൊൾവാൻ ശങ്കിക്കേണ്ട അവളിൽ ഉല്പാദിതമായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു' എന്ന ദൂതന്റെ അരുളപ്പാടിനു മുമ്പിൽ യോസേഫ് എന്ന തച്ചൻ അടിമുടി രൂപാന്തരപ്പെടുകയായിരുന്നു.

തന്നെ അലട്ടിയ അപമാനത്തിന്റേയും, ആശങ്കകളുടെയും, അനിശ്ചിതത്വത്തിന്റേയും മാനസീക വ്യാപാരങ്ങളെ അതിജീവിക്കുന്നതിന് ഈ അരുളപ്പാടിനാൽ യോസേഫിന് കഴിഞ്ഞു.

ഇവിടെയാണ് യോസേഫ് അതിജീവനത്തിന്റെ ഒരു പുതിയ തച്ചുശാസ്ത്രം ലോകത്തിന് പകർന്ന് നല്കുന്നത്. നമുക്കറിയാവുന്ന ചരിത്രത്തിലെ 'പെരുന്തച്ചൻ' സ്വന്തം മകന്റെ അന്തകനായിരുന്നു. അസൂയയിൽ നിന്നുടലെടുത്ത വിദ്വേഷം ഒരു അഗ്നിനാളമായി ഹൃദയത്തെ കാർന്ന് തിന്നപ്പോൾ അതിലെരിഞ്ഞുപോയ, സ്വന്തം മകനെ ചതിച്ച് കൊലപ്പെടുത്തിയ, രക്തഗന്ധമുള്ള പിതൃസങ്കല്പം. തന്റെ മകൻ 'തന്നോളം വലുതാകണ്ട' എന്നതായിരുന്നു

പെരുന്തച്ചന്റെ മതം. എന്നാൽ പുതിയ നിയമത്തിലെ പെരുന്തച്ചന് വാനോളം വളർന്ന മകന്റെ സംരക്ഷക റോളാണ് സ്വർഗ്ഗം നിശ്ചയിച്ചത്. തനിക്ക് പേരു ദോഷം ഉണ്ടാക്കുന്ന യാതൊന്നിന്റേയും, യാതൊരാ ളുടേയും സംഹാരകനല്ല, മറിച്ച് സംരക്ഷകനായിരി ക്കുക എന്നതായിരുന്നു ദൂതന്റെ അരുളപ്പാടിനാൽ മറിയെ ചേർത്ത് കൊണ്ടതിലൂടെ യോസേഫ് ലോ കത്തിന് പകർന്ന് നല്കിയ അതിജീവനത്തിന്റെ പുതിയ തച്ചുശാസ്ത്രപാഠം.

സമുദ്രത്തിന്റെ ഗഹനതയും, തീരത്തിന്റെ ശാന്ത തയും, ഓളങ്ങളുടെ അസ്വസ്ഥതയും ഒത്ത് ചേർ ന്ന ഒരു മനുഷ്യമനസ്സ് –അത് യോസേഫ് എന്ന ഭർത്താവിന്, പിതാവിന് മാത്രം അവകാശപ്പെട്ടതാ യിരുന്നു. മറ്റാരെയും അത് ബോധ്യപ്പെടുത്താൻ അയാൾ ശ്രമിച്ചതുമില്ല. പ്രവചന സമ്പൂർത്തി ക്കായി സ്വജീവിതത്തെ പാനീയയാഗമായി രക്ഷകന് സമർപ്പിച്ച യോസേഫ്... യേശുക്രിസ്തുവിന്റെ വംശാവലിയിലെ മുപ്പിരിച്ചരടിലൊരിഴയായി കാലാ ന്ത്യത്തോളം നിലകൊള്ളും എന്ന സത്യം അന്ന് ഓർത്തുവോ? അതു തന്നെയായിരുന്നു, ദൈവീക അരുളപ്പാടുകളിലൂടെ യോസേഫിന് സാദ്ധ്യമായി ത്തീർന്ന അതിജീവനത്തിന്റെ മഹത്വം...

**3. ഇടയഗണം: അതിജീവനത്തിന്റെ മേഘസന്ദേശം...**

'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം...

ഭൂമിയിൽ ദൈവപ്രസാദമുള്ള മനഷ്യർക്ക് സമാ ധാനം...'

വചനം മാംസം ധരിച്ച പുണ്യരാവിൽ മാലാഖ ക്കൂട്ടം വാനമേഘങ്ങളിലൊരുക്കിയ സിംഫണി...

ലോകത്തിലെ ആദ്യത്തെ ഗായകസംഘം എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം പാടി ക്കൊണ്ട് അവർ ഇടയഗണത്തിന് ഒരു അരുളപ്പാട് നല്കുന്നു ....'സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഇന്ന് നിങ്ങളെ അറിയിക്കുന്നു...'

ഇടയഗണത്തെ സംബന്ധിച്ചിടത്തോളം അത് ഒരു പുതിയ അനുഭയവമായിരുന്നു...

ദേശാന്തരികളായി ജീവിച്ചിരുന്ന ഇടയന്മാരെ സംബന്ധിച്ച് അവർ എന്നും എക്കാലവും വെളി മ്പ്രദേശങ്ങളിൽ കൂടുകൂട്ടിയവരായിരുന്നു... സാ മൂഹ്യജീവിതത്തിലും അവരുടെ സ്ഥാനം പുറ മ്പോക്കുകളിൽ തന്നെയായിരുന്നു (Marginalized people). അതുകൊണ്ട് തന്നെ കാനേഷുമാരികളുടെ കണക്കെടുപ്പുകളിലും, സമൂഹത്തിന്റെ മുഖ്യാ സനങ്ങളിലും ഒന്നും തന്നെ അവർക്ക് വലിയ പ്രാധാന്യം നല്കപ്പെട്ടിരുന്നില്ല. ജീവിതത്തിന്റെ വഴിയോരങ്ങളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരു ന്നവർ.... അങ്ങനെയുള്ള ഒരു സമൂഹത്തോടാണ് ദൈവപുത്രന്റെ തിരുപ്പിറവിയുടെ മംഗളവാർത്ത മേഘക്കീറുകൾക്കിടയിൽ നിന്നുകൊണ്ട് വാനദൂ തന്മാർ ഘോഷിക്കുന്നത്.. അത് പ്രതീക്ഷകൾക്ക് എക്കാലവും മങ്ങിയ നിറം മാത്രമായിരുന്ന ഇടയ ഗണത്തിന് പുത്തൻ ജീവിത പ്രതീക്ഷകൾ പകർ ന്ന അതിജീവനത്തിന്റെ മേഘസന്ദേശമായിരുന്നു.

**തന്റെ ജനനവാർത്ത**

ഇടയഗണത്തെ ആദ്യമായി അറിയിക്കാൻ തീരുമാ നിച്ചതിലൂടെ മറ്റൊരു സന്ദേശവും കൂടി ക്രിസ്തു പകർന്ന് നല്കുകയാണ്- താൻ ആരുടെ പക്ഷത്താ ണ് എന്നുള്ള സന്ദേശം... കുരിശിലോളം അവൻ അങ്ങനെ തന്നെയായിരുന്നുതാനും... ചുങ്കക്കാരോ ടും, പാപികളോടും, വേശ്യമാരോടും... അങ്ങനെ... അങ്ങനെ ജീവിതത്തിന്റെ വെളിമ്പ്രദേശങ്ങളിൽ കഴിഞ്ഞവരോട് ഒപ്പം കൂട്ടുകൂടി... കൂട്ടുകൂടി ഒടു വിൽ സ്വയം കാൽവറി തീർത്തവൻ...

ദൂതന്മാരാൽ വിളംബരം ചെയ്യപ്പെട്ട ഈ മഹാ സന്തോഷം അറിഞ്ഞ ഇടയന്മാർ മറ്റൊന്നും ചി ന്തിക്കാതെ, തങ്ങളോട് അരുളിച്ചെയ്തത് ദൈവദൂ തനല്ല, ദൈവം തന്നെയാണ് എന്ന ധൈര്യത്തിൽ അവനെ കാണുവാൻ യാത്ര ചെയ്യുന്നു. തങ്ങളുടെ ആടുകളെപ്പറ്റിയും നാളെ അവയെ മേയിക്കാനുള്ള ഇടങ്ങളെപ്പറ്റിയും അവർ അപ്പോൾ ചിന്തിച്ചില്ല.

നാളെകളിൽ തങ്ങൾ അഭിമുഖീകരിക്കാൻ സാധ്യ തയുള്ള എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് ലക്ഷ്യത്തിലേക്കെത്തിച്ചേരുവാനുള്ള അതി ജീവനത്തിന്റെ ഊർജ്ജം പകരുന്ന മേഘസന്ദേശ മായി അവർ ആ അരുളപ്പാടിനെസ്വീകരിച്ചു.

പലപ്പോഴും 'സ്വന്ത ഇടങ്ങളെ' ക്കുറിച്ചുള്ള വ്യാകു ലതകൾ വല്ലാതെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ സമ്പത്തിനേയും, നാളെയുടെ സുരക്ഷിതത്വത്തെ പ്പറ്റിയുമുള്ള ആശങ്കകൾ ദൈവീക അരുളപ്പാടു കൾ ശ്രവിക്കുന്നതിൽ നിന്നും മനഷ്യനെ പിന്തിരി പ്പിക്കും. അവിടെ, 'നഷ്ടപ്പെടുത്തുന്നുവെങ്കിൽ ഇരട്ടി ലഭിക്കും' എന്ന ദൈവരാജ്യത്തിന്റെ സാമ്പത്തീക ഫോർമുല നാം മന:പൂർവ്വം വിസ്മരിക്കുകയാണ്.

പ്രീയരെ,

ക്രിസ്തുമസ് സംഭവം നഷ്ടങ്ങളുടേതായിരുന്നു-

മറിയയ്ക്ക് സ്വസ്ഥമായ ജീവിതം, യോസേഫിന് സ്വപ്ന സങ്കല്പങ്ങൾ, ഇടയന്മാർക്ക് സുഖ നിദ്ര യും സമൃദ്ധമായ മേച്ചിൽപ്പുറവും...

നഷ്ടപ്പെടലുകൾ ഏറെ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ മഹാമാരിക്കാലത്ത് അതിജീവനത്തിന്റെ കരു ത്തു പകരുന്ന ദൈവീക അരുളപ്പാടുകൾക്കായി നമുക്കിനിയും മന:പൂർവ്വമായി കാതോർക്കാം...

> “
>
> പ്രപഞ്ച ഘടനയിലെ സങ്കീർണ്ണത ലോകാരംഭത്തിനും ലോകാവസാനത്തിനും ഇടയിലുള്ള ഒരു യാഥാർഥ്യമാണെന്ന് നമ്മൾ തിരിച്ചറിയണം. ആയതിനാൽ ഇഹലോക ജീവിതം പൂർണ്ണതയുടെ അനുഭവം അല്ല. സങ്കീർണ്ണത ഒരു വർത്തമാനകാല യാഥാർഥ്യമാണെന്നും ഈ ലോകത്തിലെ ജീവിതം ദുരിതങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും ഒഴിയപ്പെട്ടതല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്ക് ആവശ്യം.

പരമ്പരാഗത ചിന്താധാരകൾ പുനർവിചിന്തനത്തിന് വിധേയമാകുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. മഹാമാരി ഉയർത്തുന്ന വെല്ലുവിളികൾ സ്വതസിദ്ധമായ അന്വേഷണങ്ങൾക്ക് വഴിയൊരുക്കുന്നു. വ്യത്യസ്ത കാലയളവുകളിൽ നിലനിന്ന മത, സാമൂഹ്യ ബോധങ്ങളുടെ സ്വാധീനത്താൽ രൂപീകൃതമായ അടിസ്ഥാന തത്വങ്ങളിന്മേലാണ് (metaphysics) ഓരോ വീക്ഷണവും രൂപപ്പെട്ടിട്ടുള്ളത്. പ്രപഞ്ചത്തിന്റെ ഉദ്ഭവം, ഘടന, സമാപ്തി (origin, structure and ultimate fate of the universe) എന്നീ വിഷയങ്ങളെക്കുറിച്ച് മനുഷ്യൻ വിവിധ രീതികളിൽ മനസ്സിലാക്കിയിട്ടുണ്ട്. തത്ഫലമായി വ്യത്യസ്ത പ്രപഞ്ച മാതൃകകളും രൂപപ്പെട്ടിട്ടുണ്ട്.

ശാസ്ത്രവും മതവും അതിന്റെ അന്വേഷണ വഴികളിൽ സ്വീകരിച്ചിട്ടുള്ള ചില തത്വമീമാംസകളുണ്ട്. പാഴും ശൂന്യവുമായ ഒരു അവസ്ഥയിൽ നിന്നും ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചപ്പോൾ സൃഷ്ടിക്കപ്പെട്ട പ്രപഞ്ച വിവരണമാണ് വേദപുസ്തകത്തിന്റെ ആദ്യ താളുകളിൽ കാണുന്നത്. ക്രമരഹിതമായ (chaos) അവസ്ഥയിൽ നിന്നും ക്രമത്തിലേക്കുള്ള (order) മാറ്റമായി സൃഷ്ടിയെ വ്യാഖ്യാനിക്കുന്നു. ദൈവത്തിന്റെ കല്പനയാലാണ് ഇത് സാധ്യമായിത്തീർന്നത്. അതേ സമയം ഒരു ബിന്ദുവിൽ നിന്ന്



റവ. മാത്യു ചാക്കോ
പടിഞ്ഞാറെ കല്ലട

# മഹാമാരി നൽകുന്ന പ്രപഞ്ചവീക്ഷണം

## DEVELOPING COSMOLOGY IN THE LIGHT OF PANDEMIC



വളരെ ചെറിയ ഒരു സമയത്തിനുള്ളിൽ സംഭവിച്ച മഹാ വിസ്ഫോടനത്തിന്റെ (big bang) ഫലമായി രൂപപ്പെട്ടതാണ് പ്രപഞ്ചം എന്ന് ശാസ്ത്രം വിശ്വസിക്കുന്നു. മതത്തിന്റെയും ശാസ്ത്രത്തിന്റെയും അന്വേഷണ രീതികൾ വ്യത്യസ്തമാണെങ്കിലും പൊതുവായ ചില നിഗമനങ്ങൾ അടിസ്ഥാന തത്വങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. പ്രപഞ്ചത്തിന്റെ ഘടന നേർരേഖയിലുള്ള ഏക ശിലാത്മകമാണ് (monolithic structured order of the universe) എന്നുള്ള അനുമാനം വളരെ പ്രധാനപ്പെട്ടതാണ്. പ്രപഞ്ചത്തിന്റെ ഈ ഏകശിലാ ഘടനയെ മനസ്സിലാക്കാനുള്ള ശ്രമമായി ശാസ്ത്രത്തിന്റെയും മതത്തിന്റെയും പരിശ്രമങ്ങളെ വിലയിരുത്താം. എന്നാൽ ശാസ്ത്രലോകം വിപ്ലവകരമായ പുരോഗതി പ്രാപിച്ചതിനു ശേഷവും മനസ്സിലാക്കാൻ ശ്രമിക്കുംതോറും മനുഷ്യനിൽ നിന്നു അകന്നു പോകുന്ന യാഥാർത്ഥ്യമായി പ്രപഞ്ചത്തെ കാണുന്നു. അതോടൊപ്പം വേദപുസ്തകം മുൻപോട്ടു വെക്കുന്ന പ്രപഞ്ചമാതൃകകൾ വെല്ലുവിളികൾ നേരിടുകയും ചെയ്യുന്നു. കോവിഡ് എന്ന മഹാമാരിയുടെ കാലം ചില ഉടച്ചുവാർക്കലുകൾ ആവശ്യപ്പെടുന്നു.

മഹാമാരികൾ ധാരാളം ചോദ്യങ്ങൾ മനുഷ്യന്റെ മുൻപിൽ ഉയർത്തിയിട്ടുണ്ട്. ശാസ്ത്ര വിപ്ലവത്തിന് (scientific revolution) ശേഷം 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൊട്ടിപ്പുറപ്പെട്ട ഒരു മഹാമാരി ആയിരുന്നല്ലോ സ്പാനിഷ് ഫ്ളൂ. അക്കാലത്ത് ബാക്റ്റീരിയയെക്കുറിച്ചുള്ള അറിവ് ശാസ്ത്രത്തിനുണ്ടായിരുന്നു. എന്നാൽ വൈറസിനെക്കുറിച്ചുള്ള വളരെ പ്രാഥമികവും പരിമിതവുമായ അറിവേ അന്നുണ്ടായിരുന്നുള്ളൂ. സ്പാനിഷ് ഫ്ളൂ എന്ന മഹാമാരി, വൈറസിനെക്കുറിച്ചുള്ള വിശദമായ പഠനത്തിന്റെ അനിവാര്യത വ്യക്തമാക്കി. വൈറസുകളെക്കുറിച്ചു ശാസ്ത്രലോകം വളരെ ആഴത്തിൽ മനസ്സിലാക്കിയിട്ടും കൊറോണ വൈറസ് ഉയർത്തുന്ന വെല്ലുവിളി മറ്റൊന്നാണ്. കൊറോണ വൈറസിന്റെ ജീവതത്ത്വശാസ്ത്രവും (ontology) ജനിതക സ്വഭാവവും (genetic makeup) പഠന വിധേയമാക്കി വൈറസിനെക്കുറിച്ചുള്ള ശരിയായ അറിവ് നേടിയെടുക്കുമ്പോഴേക്കും ഈ വൈറസിന് ജനിതകമാറ്റം (mutation) സംഭവിച്ച് അത് മറ്റൊന്നായി മാറുന്നു. ഈ മാറ്റം അതിവേഗം സംഭവിച്ച് നിരവധി വകഭേദങ്ങൾ (variants) രൂപപ്പെടുന്നതിനാൽ കൊറോണ വൈറസിനെ നിയന്ത്രണവിധേയമാക്കുന്നതിൽ ശാസ്ത്രം പരാജയപ്പെടുന്നു. വൈറസുകളെക്കുറിച്ചുള്ള മനുഷ്യന്റെ ധാരണകളിൽ ചില മാറ്റങ്ങൾ ഈ അവസ്ഥ ആവശ്യപ്പെടുന്നുണ്ട്. വൈറസിനെ ഒരു ഏകശിലാ ഘടനയിൽ (monolithic linear reality) പ്രവർത്തിക്കുന്ന യാഥാർഥ്യമായി കാണുവാൻ സാധിക്കില്ല.

അതോടൊപ്പം വൻകിട പോൾട്രി ഫാമുകൾ (mega poultry farm where white lagoon chicken are breeded) കൊറോണ വൈറസിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നുവെന്ന് പഠനങ്ങൾ പറയുന്നു. ഏകജാതീയവും സ്വഭാവസമത്വവും (homogeneous) ഉള്ള ഒരു അന്തരീക്ഷമാണ് ഇത്തരം വൻതോതിലുള്ള ഫാമുകൾ സൃഷ്ടിക്കുന്നത്. മനുഷ്യ വംശത്തിന്റെ നിലനിൽപിന് ഭീഷണിയായിതീർന്ന കൊറോണ വൈറസുകൾ പെരുകാൻ ഈ അന്തരീക്ഷം സഹായകരമാകുന്നു. ഏകതാനയമാണ് (uniformity) ഇവിടെയും ചോദ്യം ചെയ്യപ്പെടുന്നത്. സൃഷ്ടിയുടെ അടിസ്ഥാന സ്വഭാവമായ ബഹുസ്വരത (diversity of creation) കാത്തുസൂക്ഷിക്കുകയാണ് ജീവന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുള്ള മാർഗ്ഗം. അതുകൊണ്ട് തന്നെ ജൈവവൈവിധ്യം (biodiversity) കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്.



പ്രപഞ്ചത്തിന്റെ ഘടനയിലേക്കാണ് (structure of universe) ഇത് വിരൽ ചൂണ്ടുന്നത്. വേദപുസ്തകത്തിലെ സൃഷ്ടി വിവരണത്തിൽ ആഴത്തിന്മീതേ ഇരുൾ ഉണ്ടായിരുന്നുവെന്നും, വെള്ളത്തിന്മീതേ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചു കൊണ്ടിരുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പത്തി 1:2). ഇരുളും വെള്ളവും ആഴവുമെല്ലാം സങ്കീർണ്ണമായ ഒരു അവസ്ഥയെയാണ് സൂചിപ്പി

ക്കുന്നത്. പാഴും ശൂന്യവും എന്നത് ഒന്നുമില്ലാത്ത അവസ്ഥയല്ല, പിന്നെയോ ജീവൻ നിലനിൽക്കുന്നതിനു അനുകൂലമല്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് തന്നെയാണ് വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ കാണുന്ന ദർശനത്തിലെ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും വിവരണങ്ങളിൽ അവിടെ സമുദ്രമില്ല എന്ന് പറഞ്ഞിരിക്കുന്നത് (വെളി.21:1). ദൈവശാസ്ത്രപരമായി പല വ്യാഖ്യാനങ്ങളും ഇതിനു നൽകിയിട്ടുണ്ടെങ്കിലും സങ്കീർണ്ണതകളെയെല്ലാം നിയന്ത്രണവിധേയമാക്കുന്ന ഒരു അനുഭവമായാണ് നിത്യജീവനെ ഇവിടെ അവതരിപ്പിക്കുന്നത്. അപ്പോളാണ് സമൃദ്ധമായ ജീവന്റെ ആഘോഷം പൂർണ്ണതയിൽ സാധ്യമാകുന്നത്. ഉല്പത്തി പുസ്തക വിവരണവും വെളിപ്പാട് പുസ്തക വിവരണവും ചേർത്ത് വായിക്കുമ്പോൾ പ്രപഞ്ച ഘടനയിലെ സങ്കീർണ്ണത ലോകാരംഭത്തിനും ലോകാവസാനത്തിനും ഇടയിലുള്ള ഒരു യാഥാർഥ്യമാണെന്ന് നമ്മൾ തിരിച്ചറിയണം. ആയതിനാൽ ഇഹലോക ജീവിതം പൂർണ്ണതയുടെ അനുഭവം അല്ല. സങ്കീർണ്ണത ഒരു വർത്തമാനകാല യാഥാർഥ്യമാണെന്നും ഈ ലോകത്തിലെ ജീവിതം ദുരിതങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും ഒഴിയപ്പെട്ടതല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്ക് ആവശ്യം. ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എന്നുള്ള യേശുവിന്റെ വാക്ക് പ്രസക്തമാകുന്നത് ഇവിടെയാണ്. സങ്കീർണതകളിന്മേലുള്ള പോരാട്ടത്തിന്റെ ഫലമാണ് സൃഷ്ടി.



ഇവിടെ ഒരു പ്രപഞ്ചക്രമം കാണുവാൻ സാധിക്കുമെങ്കിലും ഈ ക്രമവും സങ്കീർണ്ണമാണ്. ലളിത പരിശ്രമങ്ങളും പരിമിതമായ ബൌധിക അന്വേഷണങ്ങളും (simple intellectual exercises) പ്രപഞ്ചത്തെ മനസ്സിലാക്കുവാൻ പര്യാപ്തമല്ല. പ്രപഞ്ചത്തിലെ യാഥാർഥ്യങ്ങളുടെ സങ്കീർണത (complexity of realities in universe) ഗൗരവമായി കണക്കിലെടുത്തുള്ള ശാസ്ത്ര, ദൈവശാസ്ത്ര സമീപനമാണ് അഭികാമ്യം. സങ്കീർണ്ണമായ പ്രപഞ്ചത്തെ (complexity of universe) പരിമിതമായ മാനുഷിക വൈഭവങ്ങളുടെ (limited human faculties) പിൻബലത്തിൽ മനസ്സിലാക്കുവാനുള്ള ശ്രമങ്ങളാണ് നമ്മൾ നടത്തുന്നത് എന്ന് അംഗീകരിക്കാനുള്ള എളിമയും വിനയവുമാണ് ഈ അന്വേഷണത്തിൽ നമുക്ക് ആവശ്യം.

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ കവിതകൾ, പരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗതനേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**
**2021 നവംബർ 20 നു മുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം.**

2022 ജനുവരി – മാർച്ച്
**വിഷയം: രൂപാന്തരത്തിന്റെ വഴിത്താരകൾ**

കൂടുതൽ വിവരങ്ങൾക്ക്
**റവ. ജോൺ മാത്യു (8281211502) എഡിറ്റർ**
**ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691 523**
E-mail: hermondoothan@gmail.com, johnmathewachen@yahoo.co.in

## SSLC പരീക്ഷയിൽ FULL A+ വാങ്ങിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ


Aadish Alex


Aashymol S


Abel Philip


Abel Varghese


Abi Johnson


Ajoe Jacob


Albi M Biju


Albin Varghese


Alby Alex


Aleena R Biju


Alexy S Samuel


Alphy Babu


Anahi Mary Saji


Aneeta Biju


Anet Sara Saji


Angel Saji


Anitta K James


Anitta Raju


Annie Thomas


Ansal Elen Biji


Ansu Koshy


Ansu P Biju


Aswathy K Binoy


Aswin B Wilson


Benit D Binu


Binil Biju


Bitty Sajan


Christy Reji


Abel Varghese


Daveena Daniel


Diya Biju


Ebin B


Esther Ann Shiju


Grace Mariyam Lukose


Lina Santhosh


Jebin Mathew


Jeena  Mathew


Jeffeien K Sunil


Jenson Abraham Joby



Jibin Biju Daniel | Jinta Mathew | Jithin George thomas | Jithin Saji | Jithu T Varghese | Joann Lea Varghese



Joel K Roby | Jofa Mariam Jose | Joshna Johnson | Justin T John | Kripa M Joseph | Lena Santhosh



Linju Santhosh | Linvi Thomas | Liya Abraham | Liya Elsa Jacob | Merin Elsa Mathew | Merrin Anna Regi



Nevin Binu | Smitha A Sabu | Naveen P Alex | Nikhil George Cherian | Rijin Mathew Tharakan | Rijo P Roy



Riya Samuel | Rosh Baby Philip | S Praveen Raj | Selin K Thomas | Shalwin V Rajan | Sharon Byju



Shawn Sam Thomas | Sherin Mariam Saji | Sherin Reeba Mathew | Sneha Saji | Sneha Samuel | Sneha Susan Shibu



Sneha Susan Varghese | Subia Thomas | Sneha Mariam Santhosh | Sneha S Sunil | Jithin G George | Dhiya Mariam Manoj

## PLUS TWO പരീക്ഷയിൽ FULL A+ വാങ്ങിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ




Akhila


Aksa Beena Biju


Aleesha Mariyam Roy


Alwin Oommen Mathew


Anilu Alex


Anne Merin Saji


Ansu Mariam Biju


Aparna Koshy


Arppitha Anna Ninan


Beselel P Sibi


Dona Yohannan


Emil Thomas


Feba Biji


Gerry Mathew


Jerin P Joy


Sneha Vino


Jibina Babu


Jinsa Johnson


Jithin Joji


Jobin J


Joel S Philip


Juby Reji


Linda Biju


Loviz Ann Ebu


Mereena Johnson


Merin Blesson


Merin Sara Mathew


Merisha


Juby Jose


Nayana Santhosh


Neha Mary Binu


Ninan T Jayan


Rueban M Jacob Vaidyan


Sharon Mariyam Shaji


Shijo Skariah


Simi Jose



വിളവെടുപ്പ് ഹെർമ്മോൻ അരമന




ഭദ്രാസന അസംബ്ലി



ഓണത്തിന് ഒരു നേന്ത്രക്കുല
പദ്ധതി പ്രകാരം വിളവിന്റെ 1/5
തിരികെ നൽകുന്ന വികസന സംഘാംഗം




വവ്വാക്കാവ് ശാന്തി ഭവൻ



# ഒഴുക്കുകൾക്ക് എതിരെ നീന്തിടാം



**ജിഷോ കെ. ഡാനിയേൽ**
താമരക്കുളം

*'പുഴയൊന്നും അറിഞ്ഞീല്ലാ*
*കരയൊട്ടും പറഞ്ഞീല്ലാ..*
*ഒഴുക്കിന്റെ ഓളങ്ങൾ ആശിച്ച് നിന്നവർ*
*ആശകൾ ബാക്കിയാക്കി*
*പൊലിഞ്ഞീടുന്നു'*

ഒഴുക്കിന്റെ ഓളങ്ങൾ ആശിച്ച് വന്നവർ, കരകയറുവാൻ സാധിക്കാതെ, ആഴത്തിലേക്ക് മുങ്ങിത്താഴുന്ന കാഴ്ചകൾ... ദിനംപ്രതി ഉയർന്ന് വരുന്ന ആത്മഹത്യാക്കണക്കുകൾ ഉള്ളങ്ങൾ ചുട്ട് പൊള്ളിക്കുന്നുണ്ട്. ലോകം എന്തെന്ന് അറിയുവാൻ കാലമാകുന്നതിന് മുൻപ് തന്നെ ഓൺലൈൻ ഗെയിമുകളിലെ ഊരാക്കുടുക്കുകളിൽ പിടിപ്പെട്ട്, ആശകളും സ്വപ്നങ്ങളും ബാക്കിവച്ച് പറന്നകലുന്ന കാഴ്ചകൾ ഇന്ന് പുതുമയല്ല.

"ഇനി ഈ ഗെയിം കാരണം, ഒരു കുഞ്ഞും ഈ ഭൂമിയിൽ നിന്ന് പോകുവാൻ ഇടവരരുത്"

പതിനാലു വയസ്സ് മാത്രം പ്രായമുള്ള തന്റെ മകന്റെ ചേതനയറ്റ ശരീരം കണ്ട് വിറങ്ങലിച്ച് നിന്ന അമ്മ നെഞ്ച് പൊട്ടി പറഞ്ഞ വാക്കുകൾ; ഉള്ള് നീറ്റുന്ന ജീവിതസാഹചര്യങ്ങൾ...

ജീവന് തന്നെ ഭീഷണിയായി ഉയരുന്ന ഇത്തരം ഓൺലൈൻ ഗെയിമുകളിൽ പലതും മുൻപ് നിരോധിച്ചിരുന്നുവെങ്കിലും കൂടുതൽ അപകടകാരികളായ ഓൺലൈൻ കളികൾ പുതുതായി സൃഷ്ടിക്കപ്പെടുകയും അവയിൽ അകപ്പെട്ട് പല കുടുംബങ്ങളും നിരാശയിലാണ്ട് പോവുകയും ചെയ്യുന്നു. പ്രായഭേദമില്ലാതെ ആരെയും ബാധിക്കുന്ന ഒരു ആസക്തിയായി ഈ ഓൺലൈൻ ഗെയിമുകൾ അരങ്ങ് തകർക്കുന്നു.

> "
> കോവിഡ് കാലത്തെ ഓൺലൈൻ പഠനം, എല്ലാ കുട്ടികളുടെ കൈവശവും സ്മാർട്ട് ഫോൺ നിർബന്ധം ആക്കിയപ്പോൾ, നിയന്ത്രണമില്ലാതെ ഓൺലൈൻ ഗെയിമുകളിലേക്കും യുവാക്കൾ അടക്കം അടിമപ്പെടുന്നു. ഓൺലൈൻ ഗെയിം എന്ന വില്ലന്മാർ കണ്ണീരിൽ ആഴ്ത്തിയത് അനേകം കുടുംബ ജീവിതങ്ങളെയും അവരുടെ പ്രതീക്ഷകളെയുമത്രേ.



ലഹരിക്കെന്ന പോലെ ഗുരുതരമായ ഒന്നാണ് സ്വഭാവ സംബന്ധമായ അടിമത്തം. ഒരു പ്രവൃത്തി ചെയ്യുമ്പോൾ സന്തോഷം കിട്ടുന്നു, മറ്റെല്ലാം ഉപേക്ഷിച്ച് അതുതന്നെ ചെയ്യുന്നു. ഇതാണ് സ്വഭാവസംബന്ധമായ അടിമത്തം. ഓൺലൈൻ ഗെയിമുകളോടുള്ള അമിതമായ ആസക്തിയും പ്രധാനപ്പെട്ട ഒരു സ്വഭാവ സംബന്ധമായ അടിമത്തം തന്നെയാണ്.

തുടർച്ചയായി ഒരു ഗെയിമിൽ പരാജയപ്പെടുമ്പോൾ ആ വ്യക്തി നിരാശയിലേക്ക് വീണുപോകുവാൻ സാധ്യതയുണ്ടാവുന്നു. സംഘർഷം, ഭയം, അത്യുൽക്കണ്ഠ, വ്യാകുലത, ഉറക്കമില്ലായ്മ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇതിന്റെ പരിണിത ഫലങ്ങളാണ്. വിഷാദം, ഏകാന്തത, വിരസത, ആത്മവിശ്വാസ രാഹിത്യം, ഒന്നിലും താല്പര്യമില്ലായ്മ എന്ന് തുടങ്ങി അനേകം മാനസിക പ്രശ്നങ്ങൾ ഓൺലൈൻ ഗെയിമുകളിലും സ്മാർട്ട് ഫോണുകളിലും അമിതമായി ആസക്തിയുള്ളവരിൽ കണ്ടുവരുന്നുവെന്ന് പല പഠനങ്ങളും തെളിയിക്കുന്നു, അനുഭവങ്ങളിലൂടെയും ദൈനംദിന വാർത്തകളിലൂടെയും നാം കണ്ടുവരുന്നു.

കോവിഡ് കാലത്തെ ഓൺലൈൻ പഠനം, എല്ലാ കുട്ടികളുടെ കൈവശവും സ്മാർട്ട് ഫോൺ നിർബന്ധം ആക്കിയപ്പോൾ, നിയന്ത്രണമില്ലാതെ ഓൺലൈൻ ഗെയിമുകളിലേക്കും യുവാക്കളടക്കം അടിമപ്പെടുന്നു. ഓൺലൈൻ ഗെയിം എന്ന വില്ലന്മാർ കണ്ണീരിൽ ആഴ്ത്തിയത് അനേകം കുടുംബ ജീവിതങ്ങളെയും അവരുടെ പ്രതീക്ഷകളെയുമത്രേ.

നാലും അഞ്ചും മണിക്കൂറുകൾ ഓൺലൈനിൽ സ്മാർട്ട് ഫോണിന്റെ നീല വെളിച്ചത്തിൽ മാനസിക ഉല്ലാസത്തിന് വേണ്ടി ചിലവിടുമ്പോൾ പതിയിരിക്കുന്ന അപകട സാധ്യതകളെ അറിയാതെ പോകരുത്.

ക്രിസ്തീയ യുവജനങ്ങൾ എന്ന നിലയിൽ, ചുറ്റും നടക്കുന്ന സംഭവങ്ങളെ നാം എങ്ങനെ നേരിടണം? നമ്മുടെ ജീവിതരീതികൾ എപ്രകാരം ക്രമപ്പെടുത്തണം എന്ന് ചിന്തിക്കേണ്ടതുണ്ട്?

ഓൺലൈൻ ഗെയിമുകൾ സുലഭമാണ്. മാനസിക ഉല്ലാസത്തിന് ഒരു പരിധിവരെ സഹായിക്കുന്നുമുണ്ട്. എന്നാൽ എന്റെ ജീവിത്തിന്റെ ദിശ നിയന്ത്രിക്കേണ്ടത് ഞാനും, എന്റെ ദൈവവുമാണ് എന്ന ബോധ്യം നമ്മെ കുറെക്കൂടെ വെളിച്ചത്തിലേക്ക് നടത്തട്ടെ. നാം സ്മാർട്ട് ഫോണുകൾക്കും ഗെയിമുകൾക്കും കീഴ്പ്പെടുന്നവരാകുവാനല്ല മറിച്ച് അവയെ എങ്ങനെ ശരിയായ രീതിയിൽ ഉപയോഗിക്കാം എന്ന ചിന്തയാണ് നമ്മെ നയിക്കേണ്ടത്. 'ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. നമ്മെ നിയന്ത്രിക്കുന്ന ഒരു ശക്തിയായി ഓൺലൈൻ ഗെയിമുകൾ മാറാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്'

ഒഴുക്കിന് എതിരെ നീന്തിടേണ്ടതിന്റെ ആവശ്യകതയുണ്ട്. പൗലോസ് അപ്പൊസ്തലൻ റോമർക്ക് എഴുതിയ ലേഖനത്തിൽക്കൂടി നമ്മെ പ്രബോധിപ്പിക്കുന്നതുപോലെ 'ഈ ലോകത്തിന് അനുരൂപരാകാതെ, ദൈവിഹിതം എന്തെന്ന് തിരിച്ചറിഞ്ഞ് ജീവിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്'. ഇന്ദ്രിയജയം കൈവരിക്കുന്നതിനായി തയ്യാറെടുക്കേണ്ടതുണ്ട്. ഇന്ദ്രിയ സുഖലഹരിയിൽ മയങ്ങി ജീവിതം തന്നെ നഷ്ടപ്പെടുത്തുന്നവരാകുവാൻ നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നില്ല...'

പരാജയങ്ങളിൽ പൊലിഞ്ഞുപോകുന്ന മനസ്സുള്ളവർ ആകുവാനല്ല, ഏതു സാഹചര്യവും ഈശ്വരന്റെ പദ്ധതിയിലാണെന്നുള്ള വിശ്വാസം നമ്മെ ധൈര്യപ്പെടുത്തട്ടെ. 'എന്റേതെന്നും, എന്റെ പ്രയത്ന ഫലങ്ങൾ എന്നും കരുതി കരങ്ങളിൽ മുറുകെപ്പിടിച്ചിരുന്നത് എല്ലാം എനിക്ക് നഷ്ടമായി, എന്നാൽ ദൈവകരങ്ങളിൽ എന്തു നൽകിയോ അവ ഇന്നും നിലനിൽക്കുന്നു' എന്ന മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകൾ എത്ര പ്രതീക്ഷ നൽകുന്നതാണ്.

മോഹങ്ങളും നഷ്ടങ്ങളും ജയവും പരാജയവും എല്ലാം നിറഞ്ഞതാണ് നമ്മുടെ ജീവിതം. ഒന്നിനും അടിമപ്പെട്ട് തകർത്തെറിയുവാനുള്ളതല്ല. ഏത് യാത്രയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ച് മുന്നോട്ട് നീങ്ങുക. സർവ്വശക്തനായ ദൈവം നമ്മെ ധൈര്യപ്പെടുത്തട്ടെ.

എന്താണ് നമ്മെക്കുറിച്ചുള്ള ദൈവോദ്ദ്യേശം. എന്റെ സഹോദരൻ, എന്റെ സുഹൃത്ത് ഒരു കരത്തിനായി കേണ് മുങ്ങി താഴുന്നുവോ...

ഒരു സഹായ ഹസ്തമായി കൂട്ട് നിൽക്കുക. ഒന്ന് പൊട്ടിക്കരഞ്ഞ് സങ്കടം പങ്കുവയ്ക്കുവാൻ ഒരു ചുമൽ സമ്മാനിക്കുക. ജീവിതത്തിന്റെ വർണ്ണങ്ങളെപ്പറ്റി പറഞ്ഞ് നൽകുക.

നമുക്ക് ഒഴുക്കിനെതിരെ സഞ്ചരിക്കാം.. ആരുടെയെങ്കിലും ജീവിതത്തിന്റെ എന്തെങ്കിലും ഒരു സാഹചര്യത്തിൽ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടമായി എത്തുവാൻ സാധിച്ചാൽ അവിടെയല്ലേ വിജയം... അതേ സ്വർഗ്ഗം സന്തോഷിക്കട്ടെ...

നമുക്ക് ഇനി കവിത മാറ്റിക്കുറിക്കാം.

*പുഴയൊന്നും പറഞ്ഞില്ലെങ്കിലും*

*കരയൊട്ടും അറിഞ്ഞില്ലെങ്കിലും*

*ഒഴുക്കിന്റെ താളത്തിൽ*

*ആശിച്ച് നിന്ന് മുങ്ങിത്താഴുവാൻ ഒരുങ്ങീടവേ..*

*കരം തന്ന് കരയ്ക്കടുപ്പിച്ചൊരാൾ അത്,*

*ദൈവമോ, ദൈവം അയച്ചതോ ആയീടും*



# #HOME
# ഭവനമെന്ന സ്വർഗ്ഗത്തിലേക്ക് ഇനിയെത്ര ദൂരം!



**റവ. വിപിൻ സാം തോമസ്**
ഐരാണിക്കുടി

> “
> അപ്പനെ അൽപ്പനായി കണ്ട് അരികുകളിലേക്ക് അകറ്റുന്ന സ്വയം പ്രഖ്യാപിത പരിഷ്കാരികളായ മക്കളുടെ നിലപാടുകൾ തിരുത്തപ്പെടുകതന്നെ വേണം. സ്നേഹത്തോടെ ഒരു ചുംബനം ആഗ്രഹിക്കുന്ന അപ്പൻ നമ്മുടെ കൺമുന്നിലുണ്ടോ? 'നമ്മുടെ വീട് ഇനിയും ഭവനമായിട്ടില്ല' എന്ന തിരിച്ചറിവ് ഭിത്തിയിൽ ചില്ലിട്ടുവയ്ക്കാൻ സമയമായി.

നല്ല സന്തോഷത്തോടെ ഓടിവരുന്ന ഒരു കുട്ടി. പെട്ടന്നൊരു കുഴി കണ്ട് അവിടെത്തന്നെ നിൽക്കുന്നു. അത് ചാടിക്കടന്നാൽ ഒരുപാട് ദൂരം അവന് മുന്നോട്ടുപോകാം. പക്ഷേ, എന്തോ കാരണംകൊണ്ട് അത് മറികടക്കാതെ അവിടെത്തന്നെ വളർന്ന് ഒരു വീടൊക്കെ വച്ച് ശിഷ്ടകാലം ജീവിക്കാൻ തീരുമാനിച്ചാൽ എങ്ങനെയുണ്ടാകും?' ഹോം എന്ന ചലച്ചിത്രം പ്രേക്ഷകമനസ്സുകളോട് ചോദിക്കുന്ന ഗൗരവമേറിയ ഈ ചോദ്യം നമ്മുടെ കുടുംബാന്തരീക്ഷങ്ങൾക്കുള്ള കർശനമായ മുന്നറിയിപ്പാണ്. താമസിക്കാനായി എത്ര മനോഹരമായ കെട്ടിടം പണിതുയർത്തിയാലും, അത് വീടാണെന്ന് നമ്മളും ലോകവും എത്ര വിളിച്ചുപറഞ്ഞാലും. ഭവനം എന്ന സ്വർഗ്ഗത്തിലേക്ക് ദൂരമൊരുപാടുണ്ട് എന്ന തിരിച്ചറിവ് ഈ ചലച്ചിത്രം സമ്മാനിക്കുന്ന 'സന്ദേശം' എന്നതിലപ്പുറം നമ്മുടെ ഉള്ളുലയ്ക്കുന്ന വേദന തന്നെയല്ലേ! അനുഗ്രഹിക്കപ്പെട്ട പുരുഷനും, ക്രിസ്തു തന്നോടുതന്നെ ഉപമിച്ച മുന്തിരിവള്ളിയുടെ നിയോഗം ലഭിച്ച ഭാര്യയും, സമാധാനവും സന്തോഷവും നിറഞ്ഞ നാളെയുടെ പ്രതീക്ഷയായി ഒലിവ് തൈകൾ പോലെ വളരുന്ന മക്കളും ഒത്തുചേരുന്ന ഭവനം എന്ന അനുഭവം ഇനിയും രുചിച്ചറിഞ്ഞിട്ടില്ലാത്ത അനേകം വീടുകളോട് വിളിച്ചുപറയുന്ന സുവിശേഷം തന്നെയാണ് ഈ ചലച്ചിത്രം.

വിരിച്ചുവൃത്തിയാക്കാത്ത കിടക്കയിൽനിന്ന് തുടങ്ങി അടുക്കും ചിട്ടയുമില്ലാത്ത മേശപ്പുറത്തുകൂടി യാത്രചെയ്ത് വാരിവലിച്ചിട്ടിരിക്കുന്ന മുറിയിലൂടെ പടർന്നുപന്തലിക്കുന്ന അലസത എന്ന വന്മരം വളരുന്നത് ഒരു വ്യക്തിയിലെ നന്മയെ മുഴുവനായി വലിച്ചെടുത്തുകൊണ്ടാണ്. ദൗത്യം മറന്ന് ഉദാസീനനാകാനും കടമകൾ കുഴിച്ചു

മൂടി 'കഥയില്ലാത്തവനായി' കാലം തള്ളിനീക്കാനും തക്കവിധം ഒരു മനുഷ്യജീവിതത്തെ ഉപയോഗ ശൂന്യമാക്കുന്നത് അലസതയുടെ വളർച്ച കണ്ടി ല്ലെന്നുനടിക്കുന്ന അശ്രദ്ധയാണ്. ഈ മാനസി കാവസ്ഥയുള്ള ഒരാൾ മതി ഒരു കുടുംബാന്തരീക്ഷം തകർക്കാൻ എന്ന സത്യം ആന്റണി എന്ന കഥാപാത്ര ത്തിലൂടെ #ഹോം അടിവരയിടുന്നു. കുടുംബ ബന്ധ ങ്ങളിലെ ജീവൻ നഷ്ടപ്പെടുമ്പോൾ വീണ്ടെടുപ്പ് എവിടെനിന്ന് തുടങ്ങണം എന്ന ചോദ്യമാണ് ഇവി ടെ അതിഗൗരവത്തോടെ ചോദിച്ച് അതിമനോഹര മായി ഉത്തരം നൽകപ്പെടുന്നത്. ഒരിക്കൽ തേടി യെത്തിയ അംഗീകാരത്തിന്റെ പലിശപറ്റി ഇനിയുള്ള കാലം കഴിച്ചുകൂട്ടാം എന്ന കണക്കുകൂട്ടൽ ആന്റണി യെ തളച്ചിടുന്നത് അലസതയുടെ തടവറയി ലാണ്. ഭൂതകാലക്കുളിരിൽ പാരമ്പര്യങ്ങളെ കെട്ടിപ്പിടിച്ച് യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ച് വീട്ടിലെ കഥാപാത്രങ്ങളായി അഭിനയിക്കുന്നതിൽ തൃപ്തി പ്പെട്ടാൽ മതിയോ നമുക്ക്? 'സാര മില്ല' എന്ന വാക്ക് പ്രതീക്ഷയാകു ന്നത് സങ്കടത്തിൽ മാത്രമാണ്. അലസതയുടെ അലങ്കാരമായി പലപ്പോഴും ചേർത്തുവയ്ക്കുന്ന 'സാരമില്ല'എന്ന അവഗണനയുടെ അപകടം തുറന്നുകാട്ടുന്നുണ്ട് #ഹോം.



'ആന്റണിക്കൊപ്പം ഒരു മോഷ്ടാ വുണ്ട്' എന്ന വാക്കുകളിലൂടെ ഈ കാലത്തിലെ ഒരു കാതലായ പ്രശ്നം #ഹോം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. യുവജനങ്ങ ളുടെ കൈയിലെ നിത്യസാന്നി ധ്യമായ സ്മാർട്ട് ഫോണുകളെ പ്രതിസ്ഥാനത്ത് നിർത്തുന്ന സം ഭാഷണങ്ങൾ ഈ ചലച്ചിത്രത്തിന്റെ പ്രമേയത്തിൽ പ്രധാനപ്പെട്ടതാണ്. ആന്റണിക്കൊപ്പമുള്ള മോഷ്ടാവ് സ്മാർട്ട് ഫോണാണ്. അത് മോഷ്ടിക്കുന്നത് അവന്റെ സമയമാണ്. സുപ്രസാദകാലങ്ങളും രക്ഷാദിവസ ങ്ങളും അകന്നുപോകുന്നതറിയാതെ അവൻ ഈ മോഷ്ടാവിന്റെ പിടിയിലമരുന്നു. പക്ഷേ, സ്മാർട്ട് ഫോണിനോടും സാമൂഹിക നവ മാധ്യമങ്ങളോടു മുള്ള ആസക്തി #ഹോം യുവതലമുറയുടെമേൽ കെട്ടിവയ്ക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രാർ ത്ഥനയും, പഠനവും മുതൽ സകലവും ഓൺലൈ നായി മാറുന്ന കാലത്തിന്റെ നേർസാക്ഷികളാണ് നാമിന്ന്. ഒരാളെ നേരിട്ട് കാണുമ്പോൾപോലും മുഖമുയർത്താതെ തലകുനിച്ച് ഫോണിൽ നോക്കി യിരിക്കുന്നത് വിനയം കൊണ്ടല്ലന്ന് പറയാനുള്ള ആർജ്ജവം കാണിക്കുമ്പോഴും ഈ ചലചിത്രം സ്മാർട്ട് ഫോണുകൾ പാപമാണെന്ന വാദ ത്തിലേക്ക് എടുത്തുചാടുന്നില്ല. എല്ലാ പ്രശ്ന ങ്ങൾക്കും കാരണം സ്മാർട്ട് ഫോണാണ് എന്നല്ല സ്മാർട്ട് ഫോണിന്റെ സ്മാർട്ട് അല്ലാത്ത ഉപയോഗ മാണ് എന്ന് തിരുത്തി വായിക്കേണ്ട കാലം അതി ക്രമിച്ചിരിക്കുന്നു. വിഡ്ഢിപ്പെട്ടി എന്ന് ഒരു കാലത്ത് മുദ്രകുത്തി 'അപമാനിച്ച' ടെലിവിഷനെ ഇന്ന് സ്വീകരണുറിയിൽ ആനയിച്ചിരുത്തിയ സമൂഹമല്ലേ, തലമുറയെ നശിപ്പിച്ച കേസിലെ എല്ലാ വകുപ്പു കളും സ്മാർട്ട്ഫോണിൽ ചാർത്തി നിരപരാധിത്വം ചമയുന്നത്! സ്മാർട്ട് ആകാൻ കഴിയുന്നില്ലല്ലോ എന്ന നെടുവീർപ്പിലായവരെ സ്മാർട്ട് ഫോണിനൊപ്പം സ്മാർട്ടായ നിലപാടുകളെടുക്കാൻ ധൈര്യപ്പെടു ത്തുന്ന ചലച്ചിത്രമാണിത്.

ഇന്ദ്രൻസ് എന്ന നടന്റെ ഇന്ദ്രജാലം പ്രേക്ഷകമന സ്സുകളെ കുളിരണിയിച്ച ദൃശ്യാനുഭവമായി #ഹോം വിലയിരുത്തപ്പെടും എന്നതിൽ തർക്കമില്ല. അദ്ദേഹം ജീവൻനൽകിയ ഒലിവർ ട്വിസ്റ്റ് എന്ന കഥാപാത്രം, മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ വിധിയ്ക്കപ്പെ ട്ടിട്ടും പരാതികളേതുമില്ലാതെ തന്റെ കടമകൾ നിർവ്വഹിക്കുന്നു. മറിയയെ ചേർത്തുകൊള്ളാൻ ചങ്കൂറ്റം കാണിച്ച യോസഫിന്റെ നന്മയെ പുണരുന്നതു പോലെ അപ്പനായും, മകനായും ഭർത്താവായും ആത്മാർത്ഥയോടെ ഭവനാനുഭവങ്ങളെ പൂർണ്ണത യിലെത്തിക്കുന്ന പുരുഷസാന്നിധ്യങ്ങളെ നന്ദി യോടെ ഓർത്ത് അവരർഹിക്കുന്ന സ്നേഹസ്പർശം നൽകാൻ ഈ ചലച്ചിത്രം വേദിയൊരുക്കുന്നു. സ്ത്രീ കൾക്കെതിരെയുള്ള അതിക്രമങ്ങൾ സജീവമായി ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ മാത്രമല്ല, സ്ത്രീകളോട് ആദരവോടെ പെരുമാറുന്ന പുരുഷന്മാരും അംഗീകരിക്കപ്പെടണം എന്ന വസ്തുത പങ്കുവയ്ക്കുന്നുണ്ട് #ഹോം. 'ഓർമ്മ കളെപ്പോഴും ഹൃദയത്തോടു ചേർത്തുവയ്ക്കാ

നുള്ളതല്ലേ; അത് ആരെയും കുറ്റപ്പെടുത്താനുള്ളതാകേണ്ട' എന്ന നിർമ്മല സുവിശേഷം പങ്കുവയ്ക്കുന്ന ഒലിവർ ട്വിസ്റ്റിനെപ്പോലെയുള്ള നന്മയുടെ മൂലക്കല്ല് തന്നെയല്ലേ ഭവനം എന്ന വിസ്മയത്തിന്റെ അടിത്തറ! അപ്പനെ അൽപ്പനായി കണ്ട് അരികുകളിലേക്ക് അകറ്റുന്ന സ്വയം പ്രഖ്യാപിത പരിഷ്കാരികളായ മക്കളുടെ നിലപാടുകൾ തിരുത്തപ്പെടുകതന്നെ വേണം. സ്നേഹത്തോടെ ഒരു ചുംബനം ആഗ്രഹിക്കുന്ന അപ്പൻ നമ്മുടെ കൺമുന്നിലുണ്ടോ? 'നമ്മുടെ വീട് ഇനിയും ഭവനമായിട്ടില്ല' എന്ന തിരിച്ചറിവ് ഭിത്തിയിൽ ചില്ലിട്ടു വയ്ക്കാൻ സമയമായി.

അമ്മ മനസ്സിലെ സ്നേഹം എന്ന വറ്റാത്ത ഉറവ ഒരു ബലഹീനതയായി കണ്ട് മുതലെടുക്കുന്ന മക്കളുടെ സമീപനങ്ങൾ #ഹോം മറച്ചുവയ്ക്കുന്നില്ല. മഞ്ജു പിള്ള അവതരിപ്പിച്ച കുട്ടിയമ്മ എന്ന കഥാപാത്രം നമ്മുടെ സമൂഹത്തിൽ അമ്മമാർ അനുഭവിക്കുന്ന അവഗണനയുടെ കലർപ്പില്ലാത്ത നേർക്കാഴ്ച്ചയാണ്. ആധുനികലോകത്തിന്റെ മാറ്റങ്ങൾക്കൊത്ത് പാടുപെട്ട് ഓടുന്നത് ഒരു അലങ്കാരമായി തോന്നുന്നതുകൊണ്ടാകാം; അല്ലെങ്കിൽ കൈവെള്ളയിലെ ടച്ച് സ്ക്രീനുകളിൽ വിരൽ തുമ്പുതൊട്ടാൽ ചിലതൊക്കെ സംഭവിക്കുന്നതിന്റെ 'അഭിമാനം'കൊണ്ടാകാം, അമ്മ എന്നത് തങ്ങളുടെ അജ്ഞതയ്ക്കനുസരിച്ച് പ്രവർത്തിക്കാനുള്ള ഒരു ഉപകരണം മാത്രമാണ് പല മക്കൾക്കും. സ്വന്തം അമ്മ ശകാരിച്ചാൽ മുഖം കറുക്കുന്നവരാണെങ്കിലും കുട്ടിയമ്മയുടെ അവസ്ഥ കണ്ട് അറിയാതെ സഹതപിച്ചുപോകുന്നതും, സഹികെട്ട് ആ അമ്മയുടെ ക്ഷോഭവാക്കുകളെ പിന്തുണയ്ക്കുന്നതും ഒരു തരത്തിൽ നമ്മുടെ കുറ്റസമ്മതം തന്നെയല്ലേ! സ്വന്തം സ്വപ്നങ്ങൾ മാറ്റിവച്ച്, ഭൂമിയോളം ക്ഷമിച്ച്, സ്വന്തം ആഗ്രഹങ്ങൾ വേണ്ടന്നുവെച്ച്, 'സ്വന്തം പ്രാണനിൽകൂടി വാൾ കടക്കാൻ' ഓരോ പെൺമനസ്സും സ്വയം വിട്ടുനൽകിയതുകൊണ്ടല്ലേ 'അമ്മ' എന്ന വാക്ക് ഇത്ര മനോഹരമായത്! മക്കളെ അമിതമായി ലാളിക്കുന്നതും അവർ ആവശ്യപ്പെടുന്നതെന്തും സാധിച്ചുകൊടുക്കുന്നതുമാണ് മാതൃത്വത്തിന്റെ ഉത്തമഭാവം എന്ന അമ്മമാരുടെ ധാരണയും തിരുത്തപ്പെടുകതന്നെ വേണം. സഹികെട്ട കുട്ടിയമ്മയുടെ നിലവിളിക്കുന്ന ശകാരമാണ് അത്യാസന്നനിലയിലായിരുന്ന ആ കുടുംബത്തിലെ ബന്ധങ്ങളെ മരണത്തിൽനിന്ന് വലിച്ചുകയറ്റിയത് എന്ന് #ഹോം വ്യക്തമാക്കുന്നു. ലാളിത്യത്തിന്റെ പാഠങ്ങൾ പകരേണ്ടിടത്ത് ലാളനയുടെ പ്രകടനങ്ങളിൽമാത്രം അമ്മ മുഴുകിയാൽ മക്കൾ മുതലെടുപ്പുകാരായി മാറിയേക്കാം; അമ്മ വെറും അടിമയും സ്നേഹിക്കാൻ മറക്കുന്ന മക്കളേയും ശകാരിക്കാൻ മറക്കുന്ന അമ്മമാരേയും ഒരുപോലെ താക്കീത് ചെയ്യുന്ന സന്ദേശമാണ് #ഹോം പങ്കുവയ്ക്കുന്നത്.

“


സ്നേഹത്തിൽ തുടങ്ങി ഇന്ദ്രിയജയവും കടന്ന് സ്നേഹത്തിൽ തന്നെ പൂർണ്ണമാകുന്ന ആത്മാവിന്റെ ജീവജലമായ ഫലങ്ങൾ വീട്ടിൽ നട്ടുവളർത്തി സമൂഹത്തിലേക്ക് പകരപ്പെടേണ്ടതാണ് എന്ന തിരിച്ചറിവാണ് ഓരോ വീട്ടിലേയും ഭവനാനുഭവത്തിന്റെ ജനനം.
ഒലിവർ ട്വിസ്റ്റ് ആഗ്രഹിച്ചതും കുട്ടിയമ്മ സ്വപ്നം കണ്ടതും ആന്റണി തേടിയലഞ്ഞതും അനുജൻ ചാൾസ് അതുവരെ അറിയാതെ പോയതും സ്നേഹം നിറയുന്ന ഉത്തമമായ ഭവനാനുഭവം തന്നെയല്ലേ!

വീടിനെ ഭവനമാക്കുന്ന നിധി തിരിച്ചറിയാതെയാണ് നമ്മിൽ പലരും നിധിതേടി അകലങ്ങളിലേക്ക് അലയുന്നത്. ലോകം വച്ചുനീട്ടുന്ന എല്ലാ സൗഭാഗ്യങ്ങളും മടുത്തു എന്ന അവസ്ഥയിലെത്തുമ്പോൾ മാത്രമാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം ആത്മാവിന്റെ ഫലങ്ങളുടെ നിറവാണെന്ന് തിരിച്ചറിയുക. സ്നേഹത്തിൽ തുടങ്ങി ഇന്ദ്രിയജയവും കടന്ന് സ്നേഹത്തിൽ തന്നെ പൂർണ്ണമാകുന്ന ആത്മാവിന്റെ ജീവജലമായ ഫലങ്ങൾ വീട്ടിൽ നട്ടുവളർത്തി സമൂഹത്തിലേക്ക് പകരപ്പെടേണ്ടതാണ് എന്ന തിരിച്ചറിവാണ് ഓരോ വീട്ടിലേയും ഭവനാനുഭവത്തിന്റെ ജനനം. ഒലിവർ ട്വിസ്റ്റ് ആഗ്രഹിച്ചതും കുട്ടിയമ്മ സ്വപ്നം കണ്ടതും ആന്റണി തേടിയലഞ്ഞതും അനുജൻ ചാൾസ് അതുവരെ അറിയാതെ പോയതും സ്നേഹം നിറയുന്ന ഉത്തമമായ ഭവനാനുഭവം തന്നെയല്ലേ! കൺമുന്നിലുണ്ടായിട്ടും കാണാൻ മറന്നുപോകുന്ന അത്ഭുതം ദൈവമുഖമാണ് എന്ന് പ്രഖ്യാപിക്കുന്ന ദൃശ്യാനുഭവമാണ് #ഹോം. അത് എവിടെ നിന്ന് കണ്ടെത്തണം എന്ന് മനസ്സിലുയരുന്ന ചോദ്യത്തിന് അവനവന്റെ വീട് തന്നെ ചൂണ്ടിക്കാട്ടിത്തരുന്ന ദിശാസൂചികയും. അലസതയോട് വിടപറഞ്ഞ്, സാങ്കേതികവിദ്യയെ പാടെ തള്ളിക്കളയാതെ ആവശ്യത്തിന് മാത്രം അവയെ സ്വീകരിച്ച്, ബന്ധങ്ങളുടെ മൂല്യം തിരിച്ചറിഞ്ഞ് പരസ്പരം പരിധികളില്ലാതെ സ്നേഹിക്കുമ്പോൾ വീട് എന്ന കെട്ടിടത്തിൽ ഭവനം എന്ന സ്വർഗ്ഗം വിടരുന്നു. #ഹോം നമുക്ക് ധൈര്യം തരുന്നു; ശുഭവും മനോഹരവുമായ ആ സ്വർഗ്ഗാനുഭവത്തിന്റെ ശില്പികളാകാൻ.

# അതിജീവനത്തിന്റെ ആദ്യപാഠങ്ങൾ



**ജോർജ് ഫിലിപ്പ്**
ചാച്ചിപ്പുന്ന



രക്ഷിതാക്കളുടെ ഏറ്റവുംവലിയ സമ്പത്തും സമ്പാദ്യവും കുട്ടികളാണ്. അവർ ദൈവത്തിന്റെ ദാനമാണ്. ദൈവകൃപയിലും ദൈവാശ്രയം ഉള്ളവരായും അവരെ വളർത്തിയെടുക്കുക എന്നതാണ് മാതാപിതാക്കളുടെ ഉത്തരവാദിത്വം.

മക്കളെ ക്രിസ്തീയ ശിക്ഷണത്തിലും ശരിയായ ദിശയിലും വളർത്തിയെടുക്കുന്ന പ്രക്രിയയാണ് ക്രിസ്ത്യൻ പേരന്റിംഗ്. രക്ഷിതാക്കൾ യഥാർത്ഥത്തിൽ പേരന്റിംഗിന്റെ കണ്ണിയാണെന്നേയുള്ളൂ. അദ്ധ്യാപകർക്കും സമൂഹത്തിനുമൊക്കെ ഈ കാര്യത്തിൽ കണ്ണി ചേരാവുന്നതാണ്, ചേരേണ്ടതാണ്. കുട്ടികൾ വളരുന്ന സാമൂഹ്യ സാഹചര്യങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും അവരുടെ വ്യക്തിത്വ വികാസത്തെ സ്വാധീനിക്കുന്നുണ്ട്. മാതാപിതാക്കളും അധ്യാപകരും കുട്ടി വളരുന്ന പരിസരങ്ങളും ഒരുപോലെ പേരന്റിംഗിന്റെ ഭാഗമായി മാറുകയാണ്.

> “
> അരികിലെ ചങ്ങാതികളുടെ എണ്ണം കുറയുകയും അകലത്തിലെ ചങ്കുകളുടെ എണ്ണം കൂടുകയും ചെയ്യുമ്പോൾ പ്രാദേശിക ഇടങ്ങളിൽ വളർത്തപ്പെട്ട സാമൂഹിക ബന്ധങ്ങൾക്ക് അപകടം നേരിടുന്നു. അയൽക്കാരൻ അറിയപ്പെടാത്ത വ്യക്തിയായി മാറുകയും ചെയ്യുന്നു.

ഒരു കുട്ടിയെ ദൈവോന്മുഖമായും സമൂഹ ബന്ധിതമായും വളർത്തുന്നതിൽ ക്രിസ്തീയ വിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ട്. കുഞ്ഞുങ്ങൾക്ക് ചൊല്ലിക്കൊടുക്കുന്ന വേദവാക്യങ്ങളിലൂടെയും പാട്ടുകളിലൂടെയും കഥകളിലൂടെയും ക്രിസ്തീയ വിദ്യാഭ്യാസം ആരംഭിക്കുകയാണ്. 3 വയസ്സുകാരനും 30 വയസ്സുകാരനും കഥ കേൾക്കാൻ ഇഷ്ടമാണ്. പക്ഷേ മക്കളോടും കൊച്ചുമക്കളോടും കഥപറയുന്ന അമ്മമാരുടെയും വലിയമ്മമാരുടെയും വംശനാശം സംഭവിച്ചിരിക്കുന്നു. കഥ പറയുന്നത് ഒരു പഴഞ്ചൻ പരിപാടിയായി പല മാതാപിതാക്കൾക്കും തോന്നുന്നുണ്ട്. കുട്ടി

കൾക്ക് കഥ പറഞ്ഞു കൊടുക്കുന്ന മാതാപിതാക്കൾ നമ്മുടെ സമൂഹത്തിന്റെ ശക്തിസ്രോതസ്സായിരുന്നു . അപ്പൂപ്പനും അമ്മൂമ്മയും കൊച്ചു മക്കളോട് കഥപറയുന്ന ധാരാളം സന്ധ്യകൾ നമുക്കുണ്ടായിരുന്നു. ആശയവിനിമയത്തിന്റെ ഈ അനർഘ നിമിഷങ്ങൾ അനേകായിരങ്ങളുടെ ജീവിതത്തെ ധന്യമാക്കിയിട്ടുണ്ട്. കഥകൾ കുട്ടികളുടെ ഭാവനയെ വളർത്തുകയും വായിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യും . വായന അറിവിന്റെ ലോകത്തിലേക്ക് അവരെ എപ്പോഴും നയിക്കും. കഥകൾ കേൾക്കുന്നത് അവരിൽ ഏകാഗ്രത വർദ്ധിപ്പിക്കും. അവർ മാനസിക സംഘർഷത്തിൽ ഇരിക്കുമ്പോൾ അവരുടെ ടെൻഷൻ അകറ്റുന്നതിന് അവ ഇടയാക്കും. മൂല്യബോധമുള്ള കഥപറച്ചിലുകളുടെ ശീലങ്ങളിലേക്കുള്ള മടങ്ങിപ്പോക്ക് അനിവാര്യതയാണ്.

കുട്ടികളുടെ ബാല്യവും കൗമാരവും എല്ലാം സാമൂഹ്യ നിർമ്മിതിയുടെ അടിസ്ഥാന ഇടങ്ങളാണ്. സ്കൂളിൽനിന്ന് വന്നാലുടൻ അയൽപക്കത്തെ കുട്ടികളോട് ചേർന്ന് കളിക്കുന്നതിനും കൂട്ടുകൂടുന്നതിനും ഒരു കാലത്ത് സമയം കണ്ടെത്തിയിരുന്നു. സന്ധ്യാ സമയത്ത് മുത്തശ്ശനും മുത്തശ്ശിയും കുടുംബാംഗങ്ങളും ഒരുമിച്ചിരുന്ന് കൃത്യസമയത്ത് സന്ധ്യാപ്രാർത്ഥന നടത്തുന്ന ധന്യനിമിഷങ്ങൾ കുഞ്ഞുങ്ങളുടെ രൂപപ്പെടലിന്റെ വേദികൾ ആയിരുന്നു. ഇന്ന് സ്കൂളിൽനിന്ന് വന്നാലുടൻ കൃത്രിമ ഭക്ഷണങ്ങൾ വാരി കുംഭ നിറച്ചുകൊണ്ട് യാതൊരു വ്യായാമത്തിനും ശ്രമിക്കാതെ ടിവിയുടെയും കമ്പ്യൂട്ടറിന്റെയും മൊബൈലിന്റെയും മുമ്പിലിരുന്ന് ഭൗതികവും ആത്മീയവും ശാരീരികവുമായി അകാലചരമം ക്ഷണിച്ചുവരുത്തുന്ന ഒരു തലമുറയെ നാമിന്ന് കാണുന്നു.മൊബൈൽ സ്ക്രീനിന് അപ്പുറത്തുള്ള ലോകം നഷ്ടപ്പെടുകയാണ്. അരികിലെ ചങ്ങാതികളുടെ എണ്ണം കുറയുകയും അകലത്തിലെ ചങ്കുകളുടെ എണ്ണം കൂടുകയും ചെയ്യുമ്പോൾ പ്രാദേശിക ഇടങ്ങളിൽ വളർത്തപ്പെട്ട സാമൂഹിക ബന്ധങ്ങൾക്ക് അപകടം നേരിടുന്നു. അയൽക്കാരൻ അറിയപ്പെടാത്ത വ്യക്തിയായി മാറുകയും ചെയ്യുന്നു.

ശരീരത്തിന്റെ സമസ്ത വികാരങ്ങളെയും ചെയ്തികളെയും നിയന്ത്രിക്കുന്ന ഘടകം മനസ്സാണ്. മനസ്സ് നന്നായാൽ എല്ലാം നന്നാവും. നന്മതിന്മകളുടെ കൂട്ടായ്മയാണ് ജീവിതം. അതിനാൽ മനോഗുണ പ്രവർത്തികളും സാമൂഹ്യദ്രോഹ നടപടികളും നിറഞ്ഞതാണ് ഈ സമൂഹം. ഈ സമൂഹത്തിലേക്കാണ് നമ്മുടെ കുഞ്ഞുങ്ങളെ നാം തുറന്നു വിടുന്നത്. അവിടെ അവരുടെ കാലടികൾ വഴിയിൽ ഇടറിപ്പോകാതെയിരിപ്പാൻ ക്രൈസ്തവ മൂല്യങ്ങൾ അവർക്ക് അടിത്തറയായി മാറുകയാണ്. ഇവിടെയാണ് സൺഡേസ്കൂൾ പഠനത്തിന്റെ പ്രാധാന്യം നാം തിരിച്ചറിയേണ്ടത്. പരീക്ഷകൾക്കായി (examination) ഒരുക്കുന്ന പഠന പ്രക്രിയകൾക്കപ്പുറമായി പാഠവും ശീലവും ഒന്നായി മാറുന്ന പഠനമാണ് സൺഡേസ്കൂളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഭവനത്തിലെ ആത്മീയ അടിത്തറയും, മാതാപിതാക്കളുടെ നിർവ്യാജ വിശ്വാസവും, ദൈവകൃപയിൽ അധിഷ്ഠിതമായ ജീവിതശൈലിയും, ശിക്ഷണവും മറ്റുള്ളവരെ കരുതുന്നതിനും സഹായിക്കുന്നതിനുമുള്ള മനോഭാവം കുഞ്ഞുങ്ങളിൽ വളർത്തും.

ഇന്ന് കുറുക്കുവഴികളുടെ കാലമാണ്. അഴിമതി, വഞ്ചന, കള്ളക്കടത്ത്, ഗുണ്ടാപ്രവർത്തികൾ ഇവയെല്ലാം കുറുക്കുവഴികളുടെ പര്യായങ്ങളാണ്. അദ്ധ്വാനത്തിലൂടെ നേടുന്നതിന് മാത്രമേ സ്ഥായിയായ നിലനിൽപ്പുള്ളൂ എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ മാത്രമേ അദ്ധ്വാനശീലം നമ്മിൽ രൂഢമൂലമാകുകയുള്ളൂ. എളുപ്പവഴികൾ സൃഷ്ടിക്കുന്ന അലസതയിൽ നിന്നും മോചനം നേടുവാനും അധ്വാനത്തിലൂടെ അല്പം വൈകി ലഭിക്കുന്ന നന്മകളുടെ പ്രകാശം കാണുവാനും നമ്മുടെ തലമുറകളെ പ്രോത്സാഹിപ്പിക്കാം.

പ്രതികൂല സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള കഴിവ് നമ്മുടെ കുഞ്ഞുങ്ങളിൽ വളർത്തേണ്ടതാണ്. ജീവിതത്തിന്റെ കഷ്ടപ്പാടുകളോടും വ്യക്തികളോടും രണ്ടുവിധത്തിൽ പ്രതികരിക്കാം. ഒന്ന് നിഷേധാത്മകമായ പ്രതികരണമാണ് (Reactive). ഇക്കൂട്ടർ ഒരു പ്രതികൂലസാഹചര്യങ്ങളും ഇഷ്ടപ്പെടാത്ത വരും അംഗീകരിക്കാത്ത വരുമാണ്. ഇത്തരം സാഹചര്യങ്ങളിൽ അവർ അസംതൃപ്തരാകും, നിരാശരാകും, ദേഷ്യപ്പെടും. ചിലയവസരങ്ങളിൽ ഇക്കൂട്ടർ പെട്ടന്ന് കഠിനമായി പ്രതികരിച്ചെന്നും വരാം. ആത്മഹത്യകൾ സംഭവിക്കുന്നത് നിഷേധാത്മകമായ പ്രതികരണത്തിലൂടെയാണ്. രണ്ടാമത്തേത് പ്രോ ആക്റ്റീവായി (Pro- Active) പ്രതികരിക്കുക എന്നതാണ്. പ്രതിസന്ധികളിൽ ശുഭാപ്തിവിശ്വാസത്തോടെ അതിനെ അഭിമുഖീകരിക്കുന്നവരാണ് ഇക്കൂട്ടർ. പ്രശ്നങ്ങളെ അവർ പ്രസ്ഥാനങ്ങളാക്കി മാറ്റും. അവർ ചുറ്റുപാടുകളെ നിയന്ത്രിക്കുന്നവരാണ്. ജീവിതാനുഭവങ്ങളുടെ നടുവിൽ പരിഭവമില്ല അസംതൃപ്തിയില്ല. അവരുടെ മുമ്പിൽ വഴികൾ അടയപ്പെടുന്നില്ല, പുതിയ വാതിൽ തുറക്കപ്പെടുകയാണ്. ഈ മഹാമാരി കാലഘട്ടത്തിൽ Reactive ആയിട്ടല്ല Pro-active ആയി പുത്തൻ ജീവിത സാഹചര്യങ്ങളെ കരുത്തോടെ തോടെ അതിജീവിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളെ ശീലിപ്പിക്കാം.

ഒരിക്കൽ ഒരു സന്യാസി നിരാശനായി നെടുവീർപ്പിട്ടുകൊണ്ട് നടക്കുന്ന ഒരു യുവാവിനെ കണ്ടുമുട്ടി. ദുഃഖം നിറഞ്ഞ യുവാവിന്റെ മുഖഭാവം കണ്ട് സന്യാസി ഇപ്രകാരം ചോദിച്ചു 'എന്തുപറ്റി'. എന്ത് പറ്റാൻ എല്ലാം പോയി പണവും ജോലിയും വസ്തുവകകൾ എല്ലാം

പോയി. ദൈവം എല്ലാം തിരിച്ചെടുത്തു. മരണം ഒഴിച്ച്. അതുകൊണ്ട് ഇനി മരിച്ചാൽ മതി. യുവാവ് പറഞ്ഞു. ഇത് കേട്ട് സന്യാസി ഒന്ന് കുലുങ്ങിച്ചിരിച്ചു. യുവാവിന് ഉള്ളിൽ നീരസം ഉണ്ടായി. പക്ഷേ സന്യാസി ഗൗരവത്തോടെ യുവാവിന്റെ മുഖത്തു നോക്കി പറഞ്ഞു നിങ്ങളിൽ ഒരു നിധി ഒളിച്ചിരിപ്പു ണ്ട്. വിൽക്കുന്നുണ്ടോ? നിധിയോ അത്ഭുതത്തോടെ യുവാവ് ചോദിച്ചു. അതെ നിധി തന്നെ. നമുക്ക് രാജാവിന്റെ അടുക്കലേക്ക് പോകാം എത്ര വലിയ നിധിയും എന്തുവിലകൊടുത്തും അദ്ദേഹം വാങ്ങും. എന്ത് നിധിയാണ് എനിക്കുള്ളത്? എന്നെ കളിയാക്കുകയാണോ? യുവാവ് വീണ്ടും ചോദിച്ചു.

സന്യാസി ചിരിച്ചുകൊണ്ട് പിന്നെയും പറഞ്ഞു. ഉദാഹരണത്തിന് നിങ്ങളുടെ കണ്ണിന് നിങ്ങൾ എന്ത് വില ചോദിക്കും. രാജാവ് നിങ്ങളുടെ കണ്ണിന് ഓരോ ലക്ഷം രൂപ വീതം നൽകും നിങ്ങളുടെ ഹൃദയം, കരൾ, വൃക്ക അതിനൊക്കെ എത്ര വില വേണമെങ്കിലും ലഭിക്കും. ഇതു കേട്ട യുവാവിന് അത്ഭുതം കണ്ണും കരളും ഹൃദയവും ഒക്കെ ആര് വിൽക്കാൻ. വിലമതിക്കാൻ പറ്റാത്തതായ ഇത് എങ്ങനെ കച്ചവടം നടത്തും. സന്യാസി ആവർത്തിച്ചു നിങ്ങളല്ലേ പറഞ്ഞത് ദൈവം എല്ലാം എടുത്തു എന്ന്. മരണം മാത്രമേ ബാക്കിയുള്ളൂ എന്ന്. വിലയുള്ളത് എന്തെല്ലാം ഇനി നിങ്ങളുടെ പക്കൽ ഉണ്ട്. നിങ്ങൾ വിലയുള്ളവനാണ്. ദൈവം നൽകിയവയുടെ വില തിരിച്ചറിഞ്ഞ് ജീവിക്കണം. പുതിയ ജീവിതത്തിനായി തീരുമാനിച്ചു യുവാവ് ഭവനത്തിലേക്ക് മടങ്ങി എന്നു പറഞ്ഞാണ് ഈ കഥ അവസാനിപ്പിക്കുന്നത്. ദൈവം ദാനമായി നല്കിയ അനേക താലന്തുകൾ നമ്മുടെ കുഞ്ഞുങ്ങളിൽ ഒളിച്ചിരുപ്പുണ്ട്. വിലയേറിയ താലന്തുകളെ തിരിച്ചറിയാതെ അലസതകളിലേക്ക് കൂപ്പുകുത്തുവാൻ പാടില്ല. ദൈവം നൽകിയിട്ടുള്ള അനന്തസാധ്യതകളെ കണ്ടെത്തി, ദൈവഹിതാനുസരണം സമൂഹത്തിന്റെ നന്മയ്ക്ക് ഉതകുന്നതായ വിധത്തിൽ അവയെ വിനിമയം ചെയ്യുവാൻ നമ്മുടെ തലമുറകളെ ഒരുക്കാം.

## അനുമോദനങ്ങൾ



**അമിത് ജി.**

**പതാരം മാർത്തോമ്മാ ഇടവകയിൽ അമിത്ജി കേരള യൂണിവേഴ്സിറ്റിയിൽ നിന്നും BSc Electronics ൽ അഞ്ചാം റാങ്ക് കരസ്ഥമാക്കി.**



**റിജോ രാജു**

**കടമ്പനാട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ റിജോ രാജു കേരള യൂണിവേഴ്സിറ്റിയിൽ നിന്നും BCA ക്ക് രണ്ടാം റാങ്ക് കരസ്ഥമാക്കി.**

## സൃഷ്ടിക്കൊരു സങ്കീർത്തനം

അടൂർ ഭദ്രാസനത്തിന്റെ ഈ വർഷത്തെ ക്രിസ്തുമസ് ഗാനസന്ധ്യ '**സൃഷ്ടിക്കൊരു സങ്കീർത്തനം**' 2021 ഡിസംബർ 12 ഞായറാഴ്ച വൈകുന്നേരം 5.00 പി. എം. ന് നടത്തപ്പെടുന്നതാണ്. ഏവരുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു



# വവ്വാക്കാവ് ശാന്തി ഭവനം

*'വാർദ്ധക്യ കാലത്ത് നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ' (സങ്കീ. 71:9)*

സ്നേഹവും കരുതലും നഷ്ടപ്പെടുന്ന ഒരു സമൂഹത്തിൽ, വൃദ്ധരായ മാതാപിതാക്കൾ ഭവനങ്ങളിൽ അധികപ്പറ്റായി മാറുന്നു. രോഗമോ ദാരിദ്ര്യമോ അല്ല ഒരു വ്യക്തിക്ക് സംഭവിക്കുന്ന ദുരന്തം. മറിച്ച് ഒറ്റപ്പെടലും സ്നേഹമില്ലായ്മയും ആണ്. പാർശ്വവൽക്കരിക്കപ്പെടുന്ന ജീവിതങ്ങൾ നേർക്കാഴ്ചയാകുമ്പോൾ ദൈവം നമ്മോട് കാട്ടിയ സ്നേഹം നാം പങ്കുവെയ്ക്കേണ്ടതല്ലേ? വേദനകളും ദുഃഖങ്ങളും ജീവിതത്തിൽ നഷ്ടബോധം സൃഷ്ടിക്കുകയും ഇടം നഷ്ടപ്പെട്ടുവെന്ന് ചിന്തിക്കുന്നവർക്കും കരുതലിന്റെ ആശ്രയകേന്ദ്രമായിട്ടാണ് അടൂർ ഭദ്രാസനം കരുനാഗപ്പള്ളിക്കടുത്തുള്ള വവ്വാക്കാവിൽ ആരംഭിച്ച 'മാർത്തോമ്മാ ശാന്തിഭവൻ'.

സഹൃദയനായ ശ്രീ. സദാശിവ കാരണവർ അടൂർ ഭദ്രാസനത്തിന് ദാനം നൽകിയ സ്ഥലത്തുള്ള കെട്ടിടത്തിൽ 2011 ഒക്ടോബറിൽ പ്രവർത്തനം ആരംഭിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് സഭ കുറച്ച് സ്ഥലം കൂടെ ഇതിനോട് ചേർത്ത് വാങ്ങുകയും സ്ത്രീകൾക്കായി ഒരു ഡോർമിറ്ററി പണികഴിപ്പിച്ച് കേരള സാമൂഹികനീതി വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 10 പുരുഷന്മാരും 15 സ്ത്രീകളും ഇവിടെ പാർക്കുന്നു. ഇവരെ പരിചരിക്കുന്നതിനായി 4 സ്റ്റാഫുകളും ഉണ്ട്. ദിനം തോറുമുള്ള ഭക്ഷണം, ആതുരശുശ്രൂഷകൾ ക്രമീകൃതമായി നൽകിവരുന്നു. കോവിഡ് –19 പ്രതിരോധ വാക്സിൻ എല്ലാവർക്കും നൽകി.

ഇതര മതവിഭാഗത്തിലുള്ള അഭ്യുദയകാംക്ഷികളും, സഭാ അംഗങ്ങളും തേവലക്കര സെന്റർ മാർത്തോമ്മാ, ഇടവകകൾ പ്രത്യേകമായി നൽകി വരുന്ന സംഭാവനകളുമാണ് മുഖ്യ ധനാഗമനമാർഗ്ഗം. മാർത്തോമ്മാ സഭയുടെ മന്ദിരം കൂട്ടായ്മയിൽ സജീവമായി ശാന്തി മന്ദിരത്തിലെ പ്രവർത്തകരും അന്തേവാസികളും പങ്കുകൊള്ളുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരാവുകയും ചെയ്യുന്നു. പ്രിയപ്പെട്ടവരുടെ സ്നേഹരാഹിത്യം ഏകാന്തതയിലേക്കും, നിസ്സഹായതയിലേക്കും, മാനസിക സംഘർഷങ്ങളിലേക്കും തള്ളിവിടുന്നത് ഇന്നത്തെ വയോജനങ്ങൾ അനുഭവിക്കുന്ന ഭീകരമായ ദുരിതങ്ങളാണ്. വയോജനങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരും, സ്നേഹിക്കപ്പെടേണ്ടവരുമാണ്. അവർ മറ്റുള്ളവരുമായുള്ള കൂട്ടായ്മകൾ അനുഭവസംവേദനങ്ങൾ, തമാശകൾ, കളികൾ എല്ലാം ഇഷ്ടപ്പെടുന്നു. അവരുടെ ജീവിതം മരുഭൂമിയാകുമ്പോൾ കനിവിന്റെ ജലം നൽകാൻ നാം ബാദ്ധ്യസ്ഥരായിരിക്കുന്നു. ശാന്തിഭവന്റെ വിവിധ ശുശ്രൂഷകളിൽ നമുക്കും പങ്കാളികളാകാം. ജന്മദിനം, വിവാഹവാർഷികം, ഇതര വിശേഷാവസരങ്ങളിൽ ഒരു നേരത്തെ ഭക്ഷണത്തിനായി 3500 രൂപയോ, ഒരു ദിവസത്തെ ഭക്ഷണത്തിനായി 8000 രൂപയോ തന്നു സഹായിക്കാവുന്നതാണ്. സ്ഥാപനം സന്ദർശിക്കുകയും സ്ഥാപനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക. നിലവിൽ ഒരു എൽ.എ.സി. കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.

**CHAIRMAN**
Rt. Rev. Dr. Abraham Mar Paulos Episcopa

**DIRECTOR**
Rev. Raju Philip Zackariah

**TREASURER**
Mr. Varghese Tharakan

**MEMBERS**
Rev. Baby John (Diocesan Secretary)
Mr. S. Binoy (Paliative Convenor)
Mr. K. Johnson Vaidyan, Adv. P.K. Zackariah
Mr. Siby Thomas, Mr. Jacob Varghese
Mr. V.G. John

**A/c No. 6051375386**
**IFSC: IDIB000V048**
**Indian Bank, Vavvakkavu**

**Rev. Raju Philip Zackariah** (9946440580)
**Varghese Tharakan** (9946440580)



## സ്പർശം

കോവിഡ്കാല മാനസീക സമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സ്പർശം എന്ന പേരിൽ സൗജന്യ കൗൺസിലിംഗ് സഹായം നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് ചുവടെ ചേർക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**9989811009, 9497112262**

## വിജയവഴി

വിദ്യാർഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മലങ്കര മാർത്തോമ്മാ സുറിയാനി സഭ അടൂർ ഭദ്രാസനം 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി വിജയവഴി ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. മാസത്തിലൊരിക്കൽ ഓൺലൈനായി നടത്തുന്ന മീറ്റിംഗുകളിൽ വിദ്യാർത്ഥികളുടെ സാമൂഹികവും ബൗദ്ധികവും മാനസികവുമായ വളർച്ചക്ക് സഹായകരമാകുന്ന വിധത്തിൽ **Personality Development , Reasoning Ability, Academic Excellence, Career Guidance, Communication Skills, Team Building** എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.

## ഭദ്രാസന ദിനം

മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിന്റെ ഈ വർഷത്തെ ഭദ്രാസന ദിനം ഒക്ടോബർ 10 ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്നു. ഭദ്രാസന ദിന ആരാധനയിലും ഭദ്രാസന വികസന ഫണ്ട് ശേഖരണത്തിലും ഏവരുടെയും ആത്മാർത്ഥമായ പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

---

## ഭദ്രാസന കൺവൻഷൻ

അടൂർ ഭദ്രാസന കൺവൻഷൻ 2022 ജനുവരി 5 മുതൽ 9 വരെയുള്ള തീയതികളിൽ അടൂർ ഈശോ മാർ തിമോഥെയോസ് സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

## PRAYER DESK

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാമാസവും രണ്ടും നാലും ചൊവ്വാഴ്ചകളിൽ വൈകുന്നേരം 6.30 ന് മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പ്രയർ ഡെസ്ക് പ്രാർത്ഥനാ ഗ്രൂപ്പിൽ ഉള്ളവർ നിങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ചുവടെ ചേർക്കുന്ന നമ്പരിൽ അയച്ച് തരാവുന്നതാണ്.

9946298150

## BIBLE STUDY

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാമാസവും മൂന്നാം ചൊവ്വാഴ്ച വൈകുന്നേരം 6.30ന് വേദപഠനം നടത്തപ്പെടുന്നു. Zoom / YouTube മാധ്യമങ്ങളിലൂടെ വേദപഠനത്തിൽ പങ്കുചേരാവുന്നതാണ്.

# HOW TO INSTALL ZOOM AND USE ZOOM

ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്ന വീഡിയോ കോൺഫെറൻസിങ് ആപ്ലിക്കേഷൻ ആണല്ലോ സൂം (Zoom). എന്നാൽ പലർക്കും ഇതിന്റെ ഉപയോഗം എങ്ങനെയെന്ന് വേണ്ടതു പോലെ അറിയില്ല. അങ്ങനെയുള്ളവർക്ക് ഈ കുറിപ്പ് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.




## പ്രാഥമിക നടപടികൾ

1. നിങ്ങളുടെ സ്മാർട്ട്ഫോണിൽ സൂം ആപ്ലിക്കേഷൻ ഡൌൺലോഡ് ചെയ്യുകയാണ് ആദ്യമായി ചെയ്യേണ്ടത്.
2. രണ്ട് മാർഗ്ഗത്തിൽ സൂം മീറ്റിംഗിൽ പ്രവേശിക്കാം. ഏറ്റവും എളുപ്പമാർഗ്ഗം: മീറ്റിംഗ് തുടങ്ങുന്ന സമയത്ത് വാട്സ്ആപ്പ് തുറന്ന്, പങ്കെടുക്കുന്ന മീറ്റിംഗിന്റെ സൂം ലിങ്കിൽ സ്പർശിച്ചാൽ നേരെ ആ മീറ്റിംഗിൽ പ്രവേശിക്കാം.
3. അല്ലായെങ്കിൽ, മീറ്റിംഗ് ഐഡിയും പാസ്സ്‌വേർഡും കുറിച്ചു വച്ച് സൂം ആപ്ലിക്കേഷൻ തുറന്ന്. Join a Meeting എന്ന ബട്ടൺ അമർത്തിയാൽ മീറ്റിംഗ് ഐഡി എഴുതാൻ ആവശ്യപ്പെടുന്ന ഒരു ബോക്സ്കാണാം. അവിടെ ഐഡി നമ്പർ കുറിക്കുമ്പോൾ പാസ്സ് വേർഡ് ചോദിക്കും; അപ്പോൾ അതും ടൈപ്പ് ചെയ്യുക. അങ്ങനെ മീറ്റിംഗിൽ പ്രവേശിക്കാം.
4. പേര് ടൈപ്പ് ചെയ്യാൻ ആവശ്യപ്പെടുന്ന ബോക്സിൽ നിങ്ങളുടെ പേര് ടൈപ്പ് ചെയ്തു കൊടുക്കണം. കുടുംബമായി പങ്കെടുക്കുകയാണെങ്കിൽ വീട്ടു പേര് ടൈപ്പ് ചെയ്യുന്നതാണ് ഉചിതം. ഇങ്ങനെ ചെയ്തില്ലെങ്കിൽ നിങ്ങൾ ഉപയോഗിക്കുന്ന ഫോണിന്റെ പേര് ആയിരിക്കും മറ്റുള്ളവർക്ക് കാണുവാൻ കഴിയുക.

## സൂമിലെ ശബ്ദ ക്രമീകരണം

1. മീറ്റിംഗിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഫോണിന്റെ താഴത്തെ യറ്റം ഇടത് ഭാഗത്തു Dial via Device അല്ലെങ്കിൽ Dial via Internet എന്ന് കാണും. അതിൽ അമർത്തിയാൽ ഓഡിയോ കണക്ട് ആവുകയും, മീറ്റിംഗിൽ പറയുന്ന കാര്യങ്ങൾ നിങ്ങൾക്ക് കേൾക്കുവാൻ സാധിക്കയും ചെയ്യും. കൂടാതെ നിങ്ങൾക്ക് സംസാരിക്കാനുള്ള മൈക്രോഫോൺ അവിടെത്തന്നെ ലഭിക്കും.
2. മീറ്റിംഗ് സമയം നിങ്ങളുടെ മൈക്രോഫോൺ മ്യൂട്ട് ചെയ്ത് വയ്ക്കണം. Mute ചെയ്യുമ്പോൾ മൈക്രോഫോണിന്റെ സിംബൽ ചുവന്ന നിറത്തിലാകും. Mute ചെയ്തില്ലെങ്കിൽ ഓരോരുത്തരുടേയും ശബ്ദം കൂടിക്കലർന്ന് അരോചകമായിമാറും.
3. നിങ്ങളോട് സംസാരിക്കാൻ ആവശ്യപ്പെടുമ്പോൾ മൈക്രോഫോൺ unmute ചെയ്ത് ഉറക്കെ സംസാരിക്കണം. അൺമ്യൂട്ട് ആകുമ്പോൾ മൈക്രോഫോണിന്റെ ചുവന്നനിറം മാറി വരും.

## സൂമിലെ ക്യാമറ ക്രമീകരണം

1. ഫോണിന്റെ ക്യാമറ നിങ്ങളുടെ മുഖത്തിന്നേരെ വരത്തക്കതുപോലെ മേശപ്പുറത്തോ ഒരു സ്റ്റാന്റിലോ ഉറപ്പിച്ചു വെയ്ക്കുക.
2. കുടുംബമായി ഇരിക്കുന്നവർ എല്ലാവരെയും ക്യാമറയിൽ കിട്ടുന്നതുപോലെ ചേർന്നിരിക്കണം.
3. സ്ക്രീനിന്റെ താഴ്ഭാഗത്ത് മൈക്രോഫോണിന് വലത്തായി ഒരു ക്യാമറ സിംബൽ കാണാം. മീറ്റിംഗ് സമയത്ത് ക്യാമറ ഓണാക്കി വെയ്ക്കുക. അത് ചുവന്ന നിറത്തിലാണെങ്കിൽ ഓഫാണ്, അപ്പോൾ നിങ്ങളെ മറ്റുള്ളവർക്ക് കാണുവാൻ കഴിയുകയില്ല.
4. ഏതെങ്കിലും കാരണവശാൽ മീറ്റിംഗിന് ഇടയ്ക്ക് എഴുന്നേറ്റു പോകേണ്ടിവന്നാൽ വീഡിയോ ഓഫ് ചെയ്യാൻ മറക്കരുത്. അല്ലായെങ്കിൽ നിങ്ങളുടെ ചലനങ്ങൾ മൂലം, അവരുടെ ശ്രദ്ധ തിരിയാൻ കാരണമാകും .
5. ഫോണിൽ ഒരു സമയം നാല് പേരെ കാണാം. ഫോണിന്റെ സ്ക്രീൻ നീക്കിനോക്കിയാൽ മീറ്റിംഗിൽ പങ്കെടുക്കുന്ന മറ്റ് വ്യക്തികളെയും കാണാം.

## ഇരിപ്പിടം ക്രമീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. ആവശ്യത്തിന് പ്രകാശം ലഭിക്കുന്ന ഭാഗത്തു ഇരിക്കണം .
2. ലൈറ്റ് നിങ്ങളുടെ പിന്നിലായാൽ മുഖം ഇരുണ്ടിരിക്കും; അതുകൊണ്ട് ലൈറ്റിന് അഭിമുഖമായി ഇരിക്കണം.
3. ഇരിക്കുന്നതിന്റെ പിറകിൽ (background) കർട്ടൻ അഥവാ ഭിത്തി ആണെങ്കിൽ കാഴ്ച കുറേക്കൂടെ വ്യക്തമായിരിക്കും.

## പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സൂമിലൂടെയുള്ള കൂട്ടായ്മയിൽ നാം അകലെയെങ്കിലും തമ്മിൽ തമ്മിൽ കാണുന്നുണ്ട്, സംസാരിക്കുന്നുണ്ട്.
2. അതുകൊണ്ട് നമ്മൾ ആരാധനാലയത്തിൽ വരുന്നതു പോലെ വസ്ത്രധാരണം ചെയ്യുക.
3. സൂം മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ മറ്റ് കാൾ വന്നാൽ ഉടനെ കട്ട് ചെയ്യുക. കാൾ എടുത്താൽ മീറ്റിംഗിൽ നിന്ന് ഡിസ്കണെക്ട് ആകും.
4. എങ്ങനെയെങ്കിലും ഡിസ്കണക്ട് ആയിപ്പോയാൽ ആദ്യം മുതലുള്ള സ്റ്റെപ്പിലൂടെ വീണ്ടും മീറ്റിംഗിൽ പ്രവേശിക്കാം. ചിലപ്പോൾ തനിയെ കണക്ട് ആയിക്കൊള്ളും.

# പ്രശ്നോത്തരി

**ഹെർമ്മോൻ ദൂതൻ**
പ്രശ്നോത്തരിക്ക് ലഭിക്കുന്ന
അഭൂതപൂർവ്വമായ
പ്രതികരണത്തിന്
**നന്ദി..**

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ള താണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.**

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി:**
**2021 നവംബർ 20**

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക - **എഡിറ്റർ**

കഴിഞ്ഞ ലക്കത്തിലെ വിജയി:
**റീന ബിജി**
കണ്ണംകോട് മാർത്തോമ്മാ

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. സ്വന്തം മകന്റെ അന്തകൻ ആരായിരുന്നു?
2. ജീവിതാനുഭവങ്ങളോടുള്ള രണ്ടുതരം പ്രതികരണങ്ങൾ?
3. വവ്വാക്കാവ് ശാന്തി ഭവനുള്ള സ്ഥലം നൽകിയ വ്യക്തി?
4. ഓർമ്മകൾ എപ്പോഴും ഹൃദയത്തോട് ചേർത്ത് വെക്കാൻ ഉള്ളതാണെന്ന് ഘോഷിച്ച കഥാപാത്രം?
5. ജീവന് അനുകൂലമായ സാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുള്ള മാതൃക ഏത്?
6. ദൈവകരങ്ങളിൽ എന്ത് നൽകിയോ അവ ഇന്നും നിലനിൽക്കുന്നു എന്ന് പറഞ്ഞതാര്?
7. മദ്രേയുടെ തോപ്പിൽ അരുളപ്പാട് ലഭിച്ചതാർക്ക്?

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. വായു, ജലം, ആകാശം, ഭൂമി, അഗ്നി
2. കാലേബ്
3. ദബോരാ
4. തറയിൽ കടവ്, പുതുപ്പള്ളി, മണിവേലി കടവ്
5. ഡോ. ഏബ്രഹാം മാർത്തോമ്മാ
6. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി
7. വിശുദ്ധ യോഹന്നാൻ

## കഴിഞ്ഞ ലക്കത്തിൽ ശരിയായ ഉത്തരം അയച്ചവർ

Lima Jacob ........ Vathikulam Bethel
Asha Ruth Varghese........ Vathikulam Berhel
O Thomas ........ Vathikulam Bethel
Reshma Liju ........ Vathikulam Bethel
Reena Biji........ Kannamkode MTC
P G Thomas ........ Kozhikode St. Thomas
Dr. Rijo Simon Thomas........ Kozhikode St. Thomas
Mini Wilson........ Kattanam St. Thomas
Aleena Johnson........ Kalayapruam Salem
Geetha P Simon ........ Kozhikode St. Thomas
Dr. Leya Sara Mathew........ Kozhikode St. Thimas
Aleyamma Jacob........ Vathikulam Bethel
Lissy Varghese........ Charummoodu Christhos
Jolly Rinu........ Njakkanal Salem
Linu K Yohannan........ Thuruthikkara Immanuel
Rinu K Oommen........ Njakkanal Salem

# MARTHOMA SYRIAN CHURCH
## ADOOR DIOCESE

LIGHTED TO LIGHTEN

# A COST FREE GERIATRIC REHABILITATION CENTRE FOR WOMEN ELIPPAKULAM



**A Ruby Jubilee Project of the Adoor Diocese for the poorest and needy women in the 45 cents of land received as a gift.**

**Rt. Rev. Dr. Abraham Mar Paulos Episcopa**

**Rev. Bobby K. George**
(Director-9039405696)

## FEATURES

- Free of cost
- Eco friendly living space
- Accommodation with all basic amenities
- Wholistic care and providence
- Safe and secure environment



**PLEASE MAKE THIS VISION POSSIBLE THROUGH YOUR PRAYERS AND PARTICIPATION**

- Sponsor a bed space by Rs. 2.5 Lakhs.
- Sponsor a dormitory by Rs. 20 Lakhs

**WE SHALL GRATEFULLY ACKNOWLEDGE THE SPONSORS**

**THOSE WHO ARE INTERESTED TO JOIN THIS MISSION, PLEASE INTIMATE THE DIOCESAN OFFICALS.**

CONTACT : +91 9446112515
E-MAIL : adoordiocesanoffice@gmail.com

**Rev. Baby John**
Diocesan Secretary

**Varghese Tharakan**
Diocesan Treasurer

# ST. THOMAS MISSION HOSPITAL & INSTITUTE OF MEDICAL SCIENCE

**KATTANAM 1948-2021**



| ST. THOMAS COLLEGE OF NURSING | ST. THOMAS COLLEGE OF NURSING | EBENEZER BLOCK |
|---|---|---|
|  |  |  |

## DR. JOSEPH MAR THOMA INSTITUTE OF PHARMACEUTICAL SCIENCE & RESEARCH



**REV. M.P. SOLOMON (ADMINISTRATOR)**

**PH: 0479 2332028, 3012345**

Printed & Published by: Rev. Soju M. Thomas (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. John Mathew